

# ഓർത്തഡോക്സ് യുവജനം

വാല്യം 11
ലക്കം 01

ത്രൈമാസിക

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം



മേൽപ്പട്ട സ്ഥാനലബ്ധിയുടെ
35 സംവത്സരങ്ങൾ
ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ
മുൻപ്രസിഡന്റ്, ഇപ്പോഴത്തെ പരമരക്ഷാധികാരി
മലങ്കര സഭയുടെ പരമാധ്യക്ഷൻ
പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മ
പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ
തിരുമനസ്സിനു തൃപ്പാദത്തിങ്കൽ
ഭക്ത്യാദരവുകൾ

സമർപ്പിക്കുന്നു.





പ്രസിഡന്റ് :

**ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത**

വൈസ് പ്രസിഡന്റ് :

**ഫാ. വർഗീസ്. ടി വർഗീസ്**

ജനറൽ സെക്രട്ടറി

**ഫാ. അജി. കെ. തോമസ്**

ട്രഷറർ

**ജോജി പി. തോമസ്**

ചീഫ് എഡിറ്റർ

**ഫാ. തോമസ് രാജു കരുവാറ്റ**

പബ്ലീഷർ

**ഫാ. ജോൺ . റ്റി. ശാമുവേൽ**

ബോർഡ്അംഗങ്ങൾ

**ലെനി ജോൺ പോരുവഴി**

**ടിൻജു ശാമുവേൽ പനംകുറ്റിയിൽ**



**ഓർത്തഡോക്സ് യുവജനം ത്രൈമാസിക**



വിലാസം :

ഓർത്തഡോക്സ് യുവജനം

സെന്റ് തോമസ് ഭവൻ,

ഓർത്തഡോക്സ് യൂത്ത് സെന്റർ

പഴയസെമിനാരി റോഡ്,

ചുങ്കം, കോട്ടയം - 1

ഫോൺ : 0481 2583997


# ഉൾപേജുകളിലൂടെ...


**പ്രസിഡന്റിന്റെ കത്ത്**
ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത — 4

**മുഖമൊഴി**
**നമുക്കൊരുമിച്ച് പ്രതിരോധിക്കാം**
ഫാ.തോമസ് രാജു കരുവാറ്റ — 5

**ജനറൽ സെക്രട്ടറിയുടെ കത്ത്**
**സാമൂഹിക അകലവും ദൈവിക അടുപ്പവും**
ഫാ.അജി.കെ.തോമസ — 7

**കിരീടം**
ഫാ.വർഗീസ്.ടി വർഗീസ് — 9

**കുടുംബങ്ങളിലെ ജനാധിപത്യ ഇടങ്ങൾ**
സന്തോഷ് ജോർജ്ജ് — 11

**കൂടുമ്പോൾ ഇമ്പമുള്ള കുടുംബം**
ലിറ്റി സജി ജോർജ്ജ് — 14

**അതിജീവനം**
ഡോ.ഐപ്പുരു ജോൺ — 15

**കൊറോണകാലം നമ്മെ പഠിപ്പിക്കുന്നത്**
ഫാ.ജോൺ.ടി.ശാമുവേൽ — 19

**പ്രത്യാശയുടെ പൊൻകിരണങ്ങൾക്കായ്**
ബിജു തങ്കച്ചൻ — 21

**കൊറോണ അനുഭവങ്ങളലൂടെ**
ഫാ.റെജി മാങ്കുഴ — 23

**കൊറോണ അനുഭവങ്ങളലൂടെ**
ജോമോൻ കോട്ടവിള — 24

**കൊറോണ അനുഭവങ്ങളലൂടെ**
ബിജു ജോൺ, മസ്ക്കറ്റ് — 25


**കൊറോണ അനുഭവങ്ങളലൂടെ**
യു.എ.ഇ സോണൽ യുവജനപ്രസ്ഥാനം — 27

**വാർത്തകൾ** — 28

**കൊറോണ പ്രതിരോധ പ്രവർത്തനങ്ങളിലൂടെ.......** — 29

## പ്രസിഡന്റിന്റെ കത്ത്

**ദൈവതിരുനാമത്തിനു മഹത്വം.**
**ക്രിസ്തുയേശുവിൽ സ്നേഹവന്ദനം.**



**ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ**

കൊറോണാ വൈറസ് ഭീതിയിൽ ലോകം വിറങ്ങലിച്ചും വിറച്ചുമിരിക്കുന്ന നാളുകളിലാണ് ഈ കത്തെഴുതുന്നത് ലോക മഹാ യുദ്ധങ്ങളേക്കാൾ ചരിത്രഗതിയെ മാറ്റിമറിക്കുന്ന കൊറോണാ വൈറസ് എന്ന് ഒരു നിരീക്ഷണം.മനുഷ്യവംശം ഇന്നയോളം ദർശിച്ചിട്ടുള്ള ഏറ്റവും വലിയ മഹാമാരികളിലൊന്ന് എന്നു മറ്റൊരു കാഴ്ചപ്പാട്.
മനുഷ്യന്റെ നിസ്സാരതയും നിസ്സഹായതയും തെളിഞ്ഞ നാളുകൾ. പടച്ച പടക്കോപ്പുകളുടെ പിൻബലത്തിൽ ആരേയും മുട്ടുകുത്തിക്കുവാൻ കഴിയുമെന്ന ചിന്തയും ആരുടേയും ആവശ്യമില്ലാ എന്ന അഹങ്കാരഭാവവും ചീട്ടുകൊട്ടാരം പോലെ നിലം പരിചായ കാഴ്ചകൾ. ശാസ്ത്ര-സാങ്കേതിക-വിദ്യാ-വിജ്ഞാന ലഹരിയുടെ തിമരത്താൽ ദൈവത്തെ ചോദ്യം ചെയ്തവരും ഇരുട്ടിൽ തപ്പിതടയുന്നു. ഈ ദുരന്തത്തെ ഈ നിലയിൽ തടഞ്ഞു നിർത്തുവാൻ നമ്മുടെ സംസ്ഥാന സർക്കാർ കൈകൊള്ളുന്ന നടപടിക്രമങ്ങൾ ശ്ലാഘനീയവും അഭിനന്ദനാർഹവുമാണ്.
O.C.Y.Mന്റെ ഒരുപാടു പ്രവർത്തനങ്ങളേയും ഈ മഹാമാരി സാരമായി ബാധിച്ചു. വാർഷിക കോൺഫറൻസ് മാറ്റി വയ്ക്കേണ്ടി വന്നു. ആത്മനിയന്ത്രണത്തോടെയും പ്രാർത്ഥനയോടെയും നമുക്കു മുന്നോട്ടു പോകാം. പല ഭദ്രാസനങ്ങളും യൂണിറ്റുകളും പലവിധമായ സഹായപ്രവർത്തനങ്ങളുമായി രംഗത്തുള്ളതിനെ പ്രത്യേകം അനുമോദിക്കുന്നു.സമയാസമയങ്ങളിൽ അധികാരികൾ നൽകുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചും ആവുന്ന സഹായപ്രവർത്തനങ്ങൾ ചെയ്തും നമുക്കു പ്രാർത്ഥനയോടെ മുന്നോട്ടു പോകാം.ഈ ലോക്ഡൗൺ കാലത്ത് ഒരുപാട് Whats App സന്ദേശങ്ങൾ പ്രചരിക്കുന്നുണ്ടല്ലോ അതിൽ ആകർഷണീയമായി കണ്ടവ ഒന്നു പങ്കുവയ്ക്കുന്നു. ലോക്ഡൗൺ വീഴാത്ത മേഖലകൾ:—സ്നേഹം പങ്കുവയ്ക്കുന്നതിൽ -കുടുംബാംഗങ്ങളോടൊത്തു സമയം ചെലവിടുന്നതിൽ -കരുണ/ദയ കാണിക്കുന്നതിൽ -സർഗാത്മകതയിൽ-പഠനത്തിൽ-സംഭാഷണത്തിൽ -ഭാവനയിൽ -വായനയിൽ-പ്രാർത്ഥനയിൽ (കുടുംബപ്രാർത്ഥന)-ധ്യാനത്തിൽ-വേദപുസ്തക വായനയിൽ(ഈ കാലഘട്ടത്തിൽ ഒന്നും രണ്ടും പ്രാവശ്യം വേദപുസ്തകം മുഴുവനും വായിച്ച വ്യക്തികളും കുടുംബങ്ങളുമുണ്ട്). ഉപസംഹാരമായി കൊടുത്തിരുന്നത്: -"Mask is better than Ventilator and home is better than ICU";17 വർഷം മുമ്പ് SARS എന്ന വൈറസ് പടർന്നു, 8 വർഷം മുമ്പ് 'MERS', ഇപ്പോൾ കൊറോണ-കോവിഡ്19. മേലിലും സമാനാനുഭവം ഉണ്ടായേക്കാം എന്ന പ്രഖ്യാപനവുമുണ്ടായിട്ടുണ്ട്. ലോകമെമ്പാടുമുള്ള രോഗബാധിതർക്കായി, ഈ രംഗത്ത് ആരോഗ്യം പോലും അവഗണിച്ച് സ്തുത്യർഹമായി പ്രവർത്തിക്കുന്നവർക്കായി നമുക്കും മുട്ടിപ്പായി പ്രാർത്ഥിക്കാം, ആവുന്ന വിധത്തിലുള്ള സഹായപ്രവർത്തനങ്ങൾ തുടരാം, ഒപ്പം സമൂഹ നന്മയ്ക്കായി ചുമതലപ്പെട്ടവരുടെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാം.
ദൈവം അനുഗ്രഹിക്കട്ടെ
പ്രാർത്ഥനയോടെ
എളിയ
**യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ.**

മുഖമൊഴി



# നമുക്കൊരുമിച്ച് പ്രതിരോധിക്കാം ചരിത്രമെഴുതാം.



ഫാ.തോമസ് രാജു കരുവാറ്റ
ചീഫ് എഡിറ്റർ

**ലോ**കമാസകലം പടർന്നുപിടിച്ച കൊറോണ വൈറസ് (കോവിഡ്-19) സൃഷ്ടിച്ച അമ്പരപ്പും അനിശ്ചിതത്വവും ലോകജനതയെ ഒന്നാകെ വിറങ്ങലിപ്പിച്ചിരിക്കുകയാണ്. വികസിത രാഷ്ട്രങ്ങൾ 'ഇനിയെങ്ങനെ നേരിടും' എന്ന ചിന്തയിൽ പകച്ചു നിൽക്കുന്നയിടത്താണ് നമ്മുടെ ഭാരതവും കൊച്ചുകേരളവും തികഞ്ഞ ആത്മധൈര്യത്തോടും ഒരുമയോടും കൂടി ഈ മഹാവിപത്തിനെ ഫലപ്രദമായി നേരിട്ടുകൊണ്ടിരിക്കുന്നത്. നമ്മുടെ ഈ പ്രതിരോധം വരും നാളുകളിൽ ലോകം ഹർഷാരവത്തോടെ വിലയിരുത്തുകയും ഉൾക്കൊള്ളുകയും ചെയ്യും എന്നതിന് സംശയം വേണ്ട.

കേരളത്തിന് പുറത്ത് നിന്നും വന്ന ഇരുനൂറ്റി എൺപതോളം പേരിൽ രോഗബാധ നിർണ്ണയിക്കപ്പെട്ടപ്പോളും ഏകദേശം നൂറ്റി ഇരുപതോളം മാത്രം ആളുകളിൽ പകരുന്ന രീതിയിൽ പിടിച്ചുനിർത്തിക്കൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങളാണ് മലയാള നാട്ടിൽ നിർവ്വഹിക്കപ്പെട്ടത്. അത് നമ്മുടെ കൂട്ടായ്മയുടെയും സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും ശക്തമായ ഇടപെടലിന്റെ പരിണിത ഫലമാണ്. ഓർക്കണം! ഇന്ത്യയിൽ തന്നെ ആദ്യം ഒരു കൊറോണകേസ് റിപ്പോർട്ട് ചെയ്യപ്പെട്ടത് നമ്മുടെ ഈ കേരളനാട്ടിലാണ്. 'നാം വിജയിച്ചു ഇനി പഴയതുപോലെ തുടരാം' എന്ന മനോഭാവമല്ല നമുക്കുണ്ടാകേണ്ടത്. 'രോഗവ്യാപനത്തിൽ കുറവുണ്ടെന്ന് കരുതി നിയന്ത്രണങ്ങളിൽ പൊടുന്നനെ ഇളവുവരുത്തുന്നത് വൻ തിരിച്ചടിക്ക് കാരണമായേക്കാം' എന്ന ലോകാരോഗ്യ സംഘടനാ മേധാവി ടെഡ്രോസ് അഥനോം ഗെബ്രിയേസൂസിന്റെ മുന്നറിയിപ്പ് തുടർന്നും പരിഗണനാ വിഷയമാക്കേണ്ടതുതന്നെയാണ്. വാക്സിനും വൈറസിനെതിരായ മരുന്നും കണ്ടുപിടിക്കാത്തിടത്തോളം കാലം സാമൂഹിക അകലത്തിലൂടെ വ്യാപനം തടയുക എന്നതുമാത്രമാണ് പോംവഴി. അതിന് വ്യക്തികളായി സമൂഹങ്ങളായി നമുക്ക് സഹിക്കേണ്ടിവരുന്ന ചില പ്രയാസങ്ങളൊക്കെ നമ്മുടെ നല്ല നാളുകൾക്കായി സഹിക്കുവാനും സന്തോഷത്തോടെ സ്വീകരിക്കുവാനുമൊക്കെയുള്ള മാനസിക പക്വത നമുക്കുണ്ടാവട്ടെ. കരുതലാണ് കരുത്ത് എന്ന് നാം പറയുമ്പോൾ കരുതൽ എത്തേണ്ടതായ ഇടങ്ങളിലൊക്കെ

> **വാക്സിനും വൈറസിനെതിരായ മരുന്നും കണ്ടുപിടിക്കാത്തിടത്തോളം കാലം സാമൂഹിക അകലത്തിലൂടെ വ്യാപനം തടയുക എന്നതുമാത്രമാണ് പോംവഴി.**




പൂർണ്ണമായി അത് നല്കുവാനുള്ള സമയവും സന്നദ്ധതയും ഏവർക്കും ഒരേപോലെയുണ്ടാവണം. കൊറോണാനന്തരകാലത്തെ കുറിച്ചുള്ള ഒരു ചിന്തയും ഈ കാലയളവിൽ നമുക്കേറെ ആവശ്യ മാണ്. രണ്ട് പ്രളയത്തിന്റെ കെടുതികളിൽ നിന്നും പരിപൂർണ്ണ മായും മുക്തമാകാത്ത നമ്മൾ ഒരുകൊറോണക്കാലത്തെക്കൂടി നേരിടുമ്പോൾ അത് ഈ നാട്ടിലെ സാമ്പത്തിക മേഖലയിൽ സൃഷ്ടിക്കുന്ന വെല്ലു വിളിഎത്ര തീവ്രമായിരിക്കും.ടൂറിസ -വിപ ണന- ഫിനാൻഷ്യൽ ബാ ങ്കിങ് മേഖലകളിൽ നിന്നുള്ള വരുമാന ത്തിന്റെ കുറവും പ്രവാസികളായി പാർക്കുന്ന നമ്മുടെ കൂടപ്പിറപ്പു കളുടെ ജോലി നഷ്ടവും മറ്റും വലിയതോതിലുള്ള ആഘാതം സൃഷ്ടിക്കുവാൻ പോന്നവയാണ്. അതുകൊണ്ട് തന്നെ അതിരുക വിഞ്ഞ ആഘോഷ ഭ്രമവും ആരാധനാലയങ്ങളുടെ പൊളിച്ചുപണി യലുകളും മുഖം മിനുക്കലുകളും ഈ നിരയിൽ ഉൾപ്പെട്ടുവരുന്ന സകലമാന ആഡംബരരീതികളും പാടേ ഉപേക്ഷിക്കുവാനുള്ള ഒരു ശുഭകാലമായി ഈ ദുർഘടകാലത്തെ വീക്ഷിക്കുവാനുള്ള ബോധം നമുക്കുണ്ടാവണം. ഭവനങ്ങൾ തുടർന്നും ആരാധനാലയങ്ങളാക ട്ടെ- വ്യക്തികൾ ശരീരശുദ്ധിയും മനശുദ്ധിയുമുള്ളവരാകട്ടെ- അന്യായങ്ങളിൽ നിന്ന് കൈകൾ വിരമിക്കപ്പെടട്ടെ- സൽക്കർമ്മ ങ്ങൾക്കായവകൾ നീട്ടപ്പെടട്ടെ. അതെ! നമുക്കൊരുമിച്ച് പ്രതിരോ ധിക്കാം നമുക്കൊരുമിച്ച് ചരിത്രമെഴുതാം.



# സാമൂഹിക അകലവും ദൈവീക അടുപ്പവും മാനസിക ബലവും



ഫാ.അജി.കെ.തോമസ്
ജനറൽ സെക്രട്ടറി

ലോകം അസാധാരണ പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു. ഇവിടെ പലചോദ്യങ്ങൾ മാനുഷിക ബലഹീനത ഉയർത്തുന്നു.
ദൈവം എവിടെ?
അത്ഭുതം എവിടെ?
അത്ഭുതം എന്ന പദത്തെ നാം തിരിച്ചറിയണം.
ജീവിതം അതായിതന്നെ സ്വീകരിക്കുവാനുള്ള ഊർജ്ജത്തിനുവേണ്ടിയുള്ള പ്രാർത്ഥനകളാണ് അത്ഭുതം.
പൗലോസ് പറയുന്നു.എന്റെ നെഞ്ചിൽ ഒരു ശൂലമുണ്ട് ആ ശൂലം അവിടെയിരുന്നു കൊള്ളട്ടെ. ഇതായിരുന്നു ദൈവത്തിന്റെ മറുപടി. 'നിനക്ക് എന്റെ കൃപ മതി' നെഞ്ചിൽ ആഞ്ഞുകയറിയ മുള്ളുകളുമായി നടന്നുപോവുക എന്നതാണ് അത്ഭുതം.
യേശുതമ്പുരാൻ പ്രാർത്ഥിച്ചു- 'ഈ പാനപാത്രം എടുത്തു മാറ്റേണമെ'.അത്ഭുതങ്ങൾ സംഭവിച്ചില്ല 'അവൻ അവനു വേണ്ടി ഒന്നും ചെയ്തില്ല എന്നതാണ് അത്ഭുതം' എന്നാൽ സ്വർഗ്ഗത്തിൽ നിന്നൊരു ദൂതൻ വന്ന് അവനെ ബലപ്പെടുത്തി. മുൻപോട്ട് പോകാൻ എവിടുന്നോ ഒരു ബലം കിട്ടുന്നുണ്ട്.'എന്നെ അയച്ചവൻ എന്നോട് കൂടെ ഉണ്ട്. അവൻ എന്നെ ഏകനായി വിട്ടിട്ടില്ല' (വി. യോഹന്നാൻ 8:29).
കേരളത്തിലെ കോവിഡ് രോഗബാധിതരായ ഏറ്റവും പ്രായമുള്ള അപ്പച്ചനും അമ്മച്ചിയും ഏകാന്തതയുടെ തടവറയിൽ ആയിരുന്നപ്പോൾ അവരെ ബലപ്പെടുത്തി ശുശ്രൂഷിച്ചത് 'രേഷ്മ' എന്ന മാലാഖയാണ്. അതിലൂടെ അവൾ രോഗിയുമായി. സുഖപ്പെട്ട് ഈ മാലാഖ ഭവനത്തിലേക്ക് പോകുമ്പോൾ പറയുന്നു.
ഇനിയും അനേകരെ ശുശ്രൂഷിക്കുവാൻ തയ്യാറാണെന്ന്- ഇതിന്റെ പേരാണ് 'ദൈവകൃപ'- 'അത്ഭുതം'

> "എന്നെ അയച്ചവൻ എന്നോട് കൂടെ ഉണ്ട്. അവൻ എന്നെ ഏകനായി വിട്ടിട്ടില്ല"

മരിക്കുമെന്ന് വിചാരിച്ചിട്ടും നമ്മൾ മരിച്ചില്ല ഭ്രാന്തു പിടിക്കുമെന്ന് വിചാരിച്ചിട്ടും ഭ്രാന്തു പിടിച്ചില്ല.

ജീവിതം വീണ്ടും അതിന്റെ താളം വീണ്ടെടുക്കുന്നു ഭൗമിക ദുരന്തങ്ങളിൽ തുടച്ചു നീക്കപ്പെട്ട ദേശങ്ങൾ പൂർവ്വ സ്ഥിതിയിലാക്കുവാൻ അപരനുവേണ്ടി ഗുണപരമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും. ചെയ്യുന്ന ഭരണാധികാരികൾക്ക് ഉദ്യോഗസ്ഥ വൃന്ദത്തിന് ആരോഗ്യപ്രവർത്തകർക്ക് നിയമ പാലകർക്ക് ആദരവുകൾ...

കോവിഡ് കാലത്തെ അതിജീവിക്കുവാൻ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ റീജിണൽ ഭദ്രാസന യൂണിറ്റ് തലങ്ങളിൽ ചെയ്തുകൊണ്ടിരിക്കുന്ന മാതൃകാപരമായ പ്രവർത്തനങ്ങളെ നന്ദിയോടെ ഓർക്കുന്നു. ഗവൺമെന്റ് അധികാരികൾ നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ച് നന്മ ഉറപ്പുവരുത്തുവാൻ നമുക്ക് ബാധ്യതയുണ്ടെന്ന് പരിശുദ്ധ കാതോലിക്ക ബാവാ തിരുമേനിയും അഭി. പ്രസിഡന്റ് തിരുമേനിയും നമ്മെ ഓർമ്മപ്പെടുത്തുന്നു.ഗവൺമെന്റിന്റെയും സംസ്ഥാന യുവജന കമ്മീഷന്റെയും സന്നദ്ധ സംഘടനാ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന യുവജനപ്രസ്ഥാനം പ്രവർത്തകർക്കു ആദരവുകൾ സമർപ്പിക്കുന്നു. കേരളത്തിനും മലങ്കര സഭയ്ക്കും എന്നും താങ്ങും തണലുമായിരുന്ന നമ്മുടെ പ്രവാസി സഹോദരങ്ങൾ ഇപ്പോൾ വല്ലാത്ത വേദനയിലൂടെയാണ് കടന്നു പോകുന്നത്.

> **“കേരളത്തിനും മലങ്കര സഭയ്ക്കും എന്നും താങ്ങും തണലുമായിരുന്ന നമ്മുടെ പ്രവാസി സഹോദരങ്ങൾ ഇപ്പോൾ വല്ലാത്ത വേദനയിലൂടെയാണ് കടന്നുപോകുന്നത്.”**




സ്വന്തം നാട്ടിലെത്തുവാനുള്ള ആഗ്രഹം അവരുടെ എല്ലാവരുടെയും ഉള്ളിലുണ്ട്. അതോടൊപ്പം ജീവിതത്തിന്റെ വഴികളെക്കുറിച്ചുള്ള ആശങ്കയും, അവരുടെ സങ്കടങ്ങളിൽ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനവും ചേർന്നു നിൽക്കുന്നു. അവരോടൊപ്പം അല്ല അവരായി തന്നെ അവരാണല്ലോ മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയും ക്രൈസ്തവ യുവജനപ്രസ്ഥാനവും ദൈവത്തിന്റെ സ്വന്തം നാടും പ്രളയകാലത്തെ അതിജീവിക്കുവാൻ OCYM നോട് ചേർന്ന് പ്രവാസ സഹോദരങ്ങൾ ചെയ്ത സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. *പ്രവാസിസഹോദരങ്ങൾ മാത്രമല്ല ഭാരതത്തിൽ മുഴുവനുള്ള കേരളത്തിന്റെ മക്കൾക്കായും ഒരുമയുടെ സ്നേഹത്തിന്റെ നന്മയുടെ സ്വസ്ഥതയുടെ ഐക്യം പ്രാർത്ഥനയായി സമർപ്പിക്കുന്നു*




# കിരീടം




**ഫാ. വർഗീസ് റ്റി. വർഗീസ്**
കേന്ദ്ര യുവജനപ്രസ്ഥാനം
വൈസ് പ്രസിഡന്റ്


ലാറ്റിൻ പദമായ കൊറോണ എന്ന വാക്കിന് 'കിരീടം' എന്നർത്ഥം. വൈറസിന്റെ രൂപം കിരീടത്തോട് സാദൃശ്യപ്പെടുത്തുന്നതിനാലാണ് എന്ന് പറയപ്പെടുന്നു. പണ്ഡിതന്മാർ ഈ കിരീടം ചരിത്രത്തെ B.C (Before Corona) എന്നും A.C എന്നും (After Corona)വേർതിരിക്കാൻ സാധ്യത ഉണ്ടെന്ന് പറയുന്നു. സാങ്കേതിക വിദഗ്ദർ അഭിപ്രായപ്പെടുന്നത് മനുഷ്യൻ ഇനിയും Biometric Bracelet 24 മണിക്കൂറും ധരിക്കേണ്ടിവരുമെന്നും Smart Phone display യിൽ വിരൽതുമ്പ് തൊടുന്നതിലൂടെ എന്താണ് ക്ലിക്ക് ചെയ്തത് എന്ന് ഭരണകൂടം അറിയുന്നതോടൊപ്പം വിരലിന്റെ താപനിലയും രക്തസമ്മർദ്ദവും കൂടി ഇനി അവർക്ക് വേണ്ടി വരുമെന്നുമൊക്കെയാണ്. ലോകം ഈ കിരീടത്തെ മുൾകിരീടം എന്ന് ഇന്ന് വിളിക്കുന്നു. പക്ഷേ ഈ കിരീടം പകരുന്ന ചില സുന്ദര പാഠങ്ങൾ അറിയേണ്ടതാണ്. ഒരു മാധ്യമത്തിലൂടെയും സംസാരിച്ചിട്ടില്ലാത്ത പരസ്പരം ഒരു തരത്തിലും കണ്ടിട്ടില്ലാത്ത, അനേകർക്ക് വേണ്ടി ജാതി മത വർണ്ണ വർഗ്ഗ വ്യത്യാസങ്ങൾ മറന്ന് പ്രവർത്തിക്കുന്നു എന്നത് അറിയേണ്ടതു തന്നെയല്ലേ. അതിന് വ്യക്തമായ ഉദാഹരണമാണ് അമേരിക്കൻ പ്രസിഡന്റ് ശ്രീ. ഡൊണാൾഡ് ട്രംമ്പ് മാർച്ച് 15 ദേശീയ പ്രാർത്ഥന ദിനമായി പ്രഖ്യാപിച്ചത്. സങ്കീ.91:10 'ഒരു അനർത്ഥവും നിനക്ക് ഭവിക്കുകയില്ല ഒരു ബാധയും നിന്റെ കൂടാരത്തിന് അടുക്കുകയില്ല' എന്ന വലിയ പ്രത്യാശയും പ്രതീക്ഷയുമാണ് ഈ പ്രാർത്ഥന ലോകജനതയെ പഠിപ്പിക്കുന്നത്.


**ചരിത്രത്തെ B.C (Before Corona) എന്നും A.C എന്നും (After Corona) വേർതിരിക്കാൻ സാധ്യത ഉണ്ടെന്ന് പറയുന്നു.**




ആംഗലേയ കവിയായ ജോൺസൺ പറഞ്ഞുവെച്ച ഒരു വാചകത്തിലെ വലിയ സത്യം വിസ്മരിക്കാനാകില്ല. 'ഒരു മനുഷ്യനും ഒരു ദ്വീപല്ല'എന്ന് അദ്ദേഹം പറയുമ്പോൾ ഒരു മനുഷ്യനും പരസ്പര ബന്ധമില്ലാതെ നിലനിൽപ്പില്ല എന്നതാണ്. സാമൂഹിക അകലം പാലിക്കുമ്പോൾ തന്നെ ശ്രദ്ധ വയ്ക്കുന്നത് പരസ്പരം നിലനിൽക്കുവാനാണ്. 'ഞാനും വേണം, അയാളും വേണം' എന്നതല്ലേ സാമൂഹിക അകലത്തിന്റെ പ്രസക്തി. ഞാൻ കാരണം ഒരാൾക്കും മഹാമാരി ബാധിക്കരുത് എന്ന അതീവ ശ്രദ്ധ കോവിഡിന്റെ മറ്റൊരു പാഠമാണ്.

ഗവൺമെന്റ് (ഏതാണ്ട് എല്ലാ രാജ്യങ്ങളിലേയും) വിവിധ തരത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റേതൊരു സാഹചര്യത്തെക്കാളും അധികമായി അധികാരികൾക്ക് കീഴടങ്ങിയിരിക്കുക എന്ന ശ്രേഷ്ഠമായ ഒരു സത്യം കൂടി ഇവിടെ പരിഗണിക്കപ്പെടുകയാണ്. ഒരു തരത്തിലും ഒരുമിച്ചുള്ള അനുഷ്ഠാനങ്ങൾക്ക് ഒരു വിട്ട് വീഴ്ചയ്ക്കും തയ്യാറാകാത്ത മതവിശ്വാസികൾ ഇന്ന് നിയമം അനുസരിക്കാൻ അതുപോലും മാറ്റിവെയ്ക്കുകയാണെങ്കിൽ നിയമവിധേയമായ ജീവിതം മനുഷ്യൻ പൂർണ്ണമായും അംഗീകരിക്കുകയാണ്.

കോവിഡ് കാലം മതങ്ങളെല്ലാം ആശ്രയം വച്ചത് നവമാധ്യമ ആരാധനയിലാണ് tech liturgy എന്ന് വിശ്വസിക്കുന്നതിൽ തെറ്റില്ലെന്ന് ചിന്തിക്കുന്നു. പക്ഷേ ഇത് ഒരു പോംവഴി മാത്രമായിരുന്നു. ഇത് കൂട്ടായ്മയാകുന്നില്ല. കൂട്ടായ്മയിലും പള്ളിയാരാധനയിലും സംബന്ധിക്കുമ്പോഴുണ്ടാകുന്ന ആത്മീയ ചൈതന്യം ഈ tech liturgy യ്ക്ക് നല്കാനാകില്ല എന്നത് ഏവർക്കും ബോധ്യമായതുമാണ്. അതുകൊണ്ട് തന്നെ ആരാധനയ്ക്ക് പകരം വയ്ക്കാൻ മറ്റൊന്നുമില്ല എന്നത് ഈ കാലത്തിന്റെ മറ്റൊരു പാഠമാണ്.

ചൈനയിലെ വുഹാനിൽ നിന്നും ആരംഭിച്ച് ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്ന ഈ മഹാമാരിയുടെ വൈതരണികൾക്കും വിഘ്നങ്ങളും മാത്രമാണിന്ന് ഏറെയും ചർച്ച ചെയ്യുന്നത്. ലോകത്തിന്റെ ഒരു കോണിലും രക്ഷയില്ലെന്ന് തിരിച്ചറിഞ്ഞ് ജനം വലഞ്ഞ് ഭീതിപ്പെടുകയാണ്. എന്നാൽ അതിനപ്പുറം നല്ല പാഠങ്ങൾ കൂടി ഈ മുൾകിരീടത്തിനുണ്ടെന്ന പ്രത്യാശ നാം വിസ്മരിക്കാതിരുക്കുന്നത് നല്ലത്.






# കുടുംബങ്ങളിലെ ജനാധിപത്യ ഇടങ്ങൾ

**സന്തോഷ് ജോർജ്ജ്**

മനഃശാസ്ത്രജ്ഞന്റെയോ സൈക്കോളജിസ്റ്റിന്റെയോ സംഭ്രമജനകമായ ഡയറിക്കുറിപ്പുകളുടെ മേമ്പൊടിയില്ലാതെ കുടുംബങ്ങളെക്കുറിച്ചും ദാമ്പത്യത്തെക്കുറിച്ചും ലേഖനങ്ങളും ഫീച്ചറുകളുമില്ല എന്നതാണ് നടപ്പ് യാഥാർത്ഥ്യം.ഇതിനൊപ്പമാണ് വിവാഹേതര ബന്ധങ്ങളുടെ ഞെട്ടിക്കുന്ന കണക്കുകളുമായി വരുന്ന ആനുകാലികങ്ങൾ (പ്രത്യേകിച്ചും സ്ത്രീകളുടെ) മറുവശത്ത് ആത്മീയതയുടെ പാപബോധം പേറി തളരുന്ന കുടുംബജീവിത മാതൃകകളും പാഠങ്ങളും. ഇവയ്ക്കിടയിലുള്ള കുടുംബജീവിത ചർച്ചകളാൽ മുഖരിതമാണ് വർത്തമാന കേരളം. മുൻ നിശ്ചയിച്ച സ്വയം സൃഷ്ട ധാരണകളെ, ഫാസിസ്റ്റ് അകത്തളങ്ങളിൽ രൂപവൽക്കരിച്ചെടുക്കുന്ന ആശയസംവാദങ്ങൾ ഇത്തരം അന്വേഷണങ്ങളെ എങ്ങും എത്തിക്കുകയില്ല. കുടുംബങ്ങളിലെ ജനാധിപത്യത്തിന്റെ ഇടങ്ങളെ കണ്ടെത്തുകയും അതിന്റെ സാധ്യതകളെ കാലാനുസൃതമായി പുതുക്കിപ്പണിയുകയുമാണ് വേണ്ടത്.

**വിശപ്പ്, പാർപ്പിടം, സമ്പത്ത്, മനസ്സ്, സമൂഹം, അധികാരം ഇവയെല്ലാം ആഴത്തിൽ ബന്ധപ്പെട്ടതാണ് കുടുംബം.**

കൂടുമ്പോൾ ഇമ്പമുള്ളത് കുടുംബം തുടങ്ങിയ കേട്ട് ചെകിടിച്ച വാചകക്കസർത്തുകളെ ചെവിയ്ക്ക് പിടിച്ച് പുറത്തുനിർത്തിക്കൊണ്ട് വേണം ഈ ആശയസംവാദത്തിലേക്ക് കടന്നുവരാൻ. വിശപ്പ്, കാമം, പാർപ്പിടം, സമ്പത്ത്, മനസ്സ്, സമൂഹം, അധികാരം ഇവയെല്ലാം ആഴത്തിൽ ബന്ധപ്പെട്ടതാണ് കുടുംബം. മനുഷ്യന്റെ അടിസ്ഥാന ചോദനകളും നിലനിൽപ്പിന്റെ ആധാര ശിലകളും ഒന്നുചേർന്ന സാമൂഹിക സ്ഥാപനം. അതിനാൽതന്നെ ഈ അടിസ്ഥാന യൂണിറ്റ് ഏതൊരു സമൂഹത്തിലും സ്വീകാര്യമായി. വിഭവങ്ങളുടെ വിനിയോഗത്തിനും ക്രമസമാധാനപാലനത്തിനും മുതൽ ഭരണകൂടങ്ങൾക്കും മതങ്ങൾക്കും വരെ ഈ സംവിധാനം പ്രിയപ്പെട്ടതായി. അതുകൊണ്ടുതന്നെയാണ് നിരീശ്വരവാദിയും അന്ധവിശ്വാസിയും, ഗാന്ധിയനും നക്സലുകളുമൊക്കെ ഒരേ മനസ്സോടെ കുടുംബം എന്ന സ്ഥാപനത്തെ തള്ളിപ്പറയാതെ സ്വീകരിക്കുന്നത്. കുടുംബ

ത്തെക്കാൾ മികച്ച ഒരു അടിസ്ഥാന യൂണിറ്റ് ഒരു സാമൂഹിക ചരിത്രകാരനും നിർദ്ദേശിക്കുന്നുമില്ല.

കുടുംബസംവിധാനത്തിന്റെ ഉള്ളറകളിലേക്ക് പ്രവേശിക്കുമ്പോൾ പുരുഷ കേന്ദ്രീകൃത ഏകാതിപത്യത്തിന്റെ വഴികളാണ് ഏറെയും. സമ്പത്തും അധികാരവും ചേർന്ന് സൃഷ്ടിക്കുന്ന അതിന്റെ അകത്തളങ്ങളിൽ ജനാധിപത്യത്തിന്റെ ഇടങ്ങൾ പലപ്പോഴും ശൂന്യമായി കിടക്കുകയാണ്.പാരമ്പര്യങ്ങളും വിശ്വാസങ്ങളുമൊക്കെച്ചേർന്ന് ആൺകോയ്മയുടെ ഇരുണ്ട ഇടങ്ങളാണിവ. പുതിയ കാലഘട്ടത്തിൽ ഈ ശൂന്യസ്ഥലികളെ പൂരിപ്പിക്കാൻ സ്ത്രീകൾ ഇറങ്ങിപ്പുറപ്പെടുമ്പോൾ തർക്കങ്ങളാകുന്നു. വേർപിരിയലുകളാകുന്നു. നമ്മുടെ യഥാസ്ഥിതിക സമൂഹമനസ്സ് വിലപിക്കുകയായി. തകരുന്ന കുടുംബങ്ങൾ! അനാഥരാകുന്ന കുട്ടികൾ!.ഇവിടെ നമ്മൾ കെട്ടുറപ്പുള്ള കുടുംബന്ധങ്ങളുടെ ഭൂതകാലത്തെ ഗൃഹാതുരതയോടെ ഓർമ്മിക്കും. അണുകുടുംബങ്ങളായി മാറാത്ത ആ നല്ല നാളുകളെ മാവേലി നാടുവാണീടും കാലം എന്ന മട്ടിൽ വാഴ്ത്തും. വിവാഹ



മോചനങ്ങൾ ഇല്ലാതിരുന്ന ആ സുവർണ്ണ കാലം! എന്തുകൊണ്ട് അന്ന് കെട്ടുറപ്പുള്ള കുടുംബങ്ങളുണ്ടായി? കുടുംബത്തിനുവേണ്ടി നീറിയുരുകിയ കുറെ സ്ത്രീകളുണ്ട്. (അമ്മമാർ എന്നു പറയുന്നതാണ് കൂടുതൽ നന്ന്). സഹനത്തിന്റെ ചിതയിൽനിന്നുയർന്ന് വന്നതാണ് ഈ കെട്ടുറപ്പ് ഇത്തരം ഏകപക്ഷീയമായ സ്ത്രീസഹനങ്ങളെ ഇനിയും പ്രതീക്ഷിക്കുന്നുണ്ട് സമൂഹം. തുച്ഛമായ കൂലിക്കു പണിയെടുക്കാൻ കുടികിടപ്പുകാരായ കീഴാളർ ഇല്ലാതായതാണ് കേരളത്തിലെ നെൽകൃഷി ഇല്ലാതാകാൻ കാരണമെന്ന് വിശ്വസിക്കുന്ന മുജന്മിമാരുടെ ചില പിൻമുറക്കാരെപ്പോലെ വിദ്യാഭ്യാസം നൽകിയ വരുമാനവും അധികാരവും, സ്ത്രീകളേയും പ്രാപ്തരാക്കിയിരിക്കുന്നു. അദ്ധ്വാനവും വരുമാനവും കുടുംബത്തിൽ പ്രധാനമാണ്. പഴയ കാലത്തുപോലും കുടുംബത്തിൽ സ്ത്രീകൾക്ക് സാമ്പത്തികമായും ലൈംഗികമായും സ്വന്തം വ്യക്തിത്വം നിലനിർത്താൻ കഴിഞ്ഞിട്ടുള്ളത് ദളിത് വിഭാഗങ്ങൾക്കിടയിൽ ആയിരുന്നു എന്ന് പ്രമുഖ ദളിത് ചിന്തകനായ കാഞ്ച ഐലയ്യ ചൂണ്ടിക്കാട്ടുന്നുണ്ട്. ചുരുക്കത്തിൽ ഇതൊരു പുതിയ കാര്യമല്ലെന്നർത്ഥം.

വിവാഹേതര ബന്ധങ്ങളാണ് പുതിയ കാല കുടുംബന്ധങ്ങളിലെ വില്ലൻ എന്ന കണ്ടെത്തലും കൗതുകകരമാണ്. വിവാഹേതര ബന്ധങ്ങൾ ഏത് കാലഘട്ടത്തിലും ഏത് സമൂഹത്തിലും കുടുംബങ്ങൾക്ക് തലവേദന സൃഷ്ടിച്ചിരുന്നു. മനുഷ്യന് സെക്സിനോടുള്ള ജൈവതാൽപ്പര്യവും അതിന്റെ സാധ്യതകളും തന്നെയാണ് അതിന് കാരണം. ഇത്തരം ആലോചനകളിൽ കടന്നുവരുന്ന കപട

വിദ്യാസ സ്ഥാപനങ്ങൾ കെട്ടിയുണ്ടാക്കുകയും അതിനെക്കുറിച്ച് മേനി പറയുകയും ചെയ്യുന്നവരാണ് നാം. ആൺകുട്ടികളേയും പെൺകുട്ടികളേയും പരസ്പരം സ്നേഹാദരങ്ങളോടെ പെരുമാറാനും വിശ്വസിക്കാനും പഠിപ്പിക്കുകയാണ് വേണ്ടത്. പിൽക്കാലത്ത് കുടുംബജീവിതത്തിൽ പങ്കാളികളാകേണ്ട ഇവർക്ക് പരസ്പര വിശ്വാസത്തിന്റെയും തിരിച്ചറിവിന്റെയും പാഠങ്ങൾ ലഭിക്കേണ്ടത് ഇവിടെ നിന്നാണ്. ഖേദപൂർവ്വം പറയട്ടെ, നമ്മുടെ വിദ്യാലയങ്ങൾ നൽകുന്ന ആണ്-പെൺ സൗഹൃദ പാഠങ്ങൾ പലപ്പോഴും ഇതല്ല.

മാധ്യമങ്ങലുടെ ഇടപെടലുകളും പലപ്പോഴും ഉത്തരവാദിത്തപൂർണ്ണമല്ല. മുഖ്യധാരാ മാധ്യമങ്ങളുടെ കുടുംബവിശകലനങ്ങൾ പലപ്പോഴും വിവാഹേതര ബന്ധങ്ങളുടെ സെൻസേഷണലിസത്തിലാണ് കണ്ണ് വയ്ക്കുന്നത്. ഒറ്റപ്പെട്ട സംഭവങ്ങളെ സാമാന്യവൽക്കരിക്കുന്നു. ചിലപ്പോഴെങ്കിലും സദാചാര പോലീസിന്റെ കണ്ണുകളോടെ മാത്രം സംഭവങ്ങളെ കാണുന്നു. നീതിരഹിതങ്ങളായ പോലീസ് ഭാഷ്യങ്ങളെ മാത്രം മാനദണ്ഡങ്ങളാക്കുന്നു. കപടസദാചാരവാദികളായ ശരാശരി മലയാളി വായനക്കാരന്റെ താൽപ്പര്യങ്ങളെ തൃപ്തിപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. വീണ്ടും ചർച്ചയായിക്കൊണ്ടിരിക്കുന്ന ഐ.എസ്.ആർ.ഒ. ചാരക്കേസിനോട് അനുബന്ധിച്ച് ഉയർന്ന ലൈംഗിക അപവാദ കഥകൾ ഇതിന് നല്ല ഉദാഹരണമാണ്.

പാശ്ചാത്യ സംസ്ക്കാരത്തിന്റെ അമിത സ്വാധീനമാണ് നമ്മുടെ ദാമ്പത്യ ബന്ധങ്ങളുടെ തകർച്ചയ്ക്കും അതുവഴി കുടുംബ ശൈഥില്യങ്ങൾക്കും കാരാണമാകുന്നത് എന്ന് പരിതപിക്കാറുണ്ട്. പാശ്ചാത്യ ലോകം നൽകുന്ന സുഖസൗകര്യങ്ങളെ നമുക്ക് ആവശ്യമുണ്ടോയെന്നു പോലും പരിശോധിക്കാതെ നാം വിഴുങ്ങാറുണ്ട്. നമ്മുടെ ജീവിതലക്ഷ്യംപോലും അതാണ്. എന്നാൽ ആ സംസ്ക്കാരത്തിന്റെ ഭാഗമായുള്ള ചിലതിനെ പേടിയുമാണ്.വിവാഹമോചനങ്ങളുടെ തലസ്ഥാനം പാശ്ചാത്യ നാടുകളാണെന്നല്ലേ നാം പറയുന്നത്. വിവാഹമോചനം നേടിയവർ പിന്നീടും നല്ല സുഹൃത്തുക്കളായി കഴിയുന്നതും വീണ്ടും വിവാഹമോചനം നേടിയതിനു ശേഷം പഴയ പങ്കാളിയെ വിവാഹം കഴിക്കുന്നതുമൊക്കെ അവർക്ക് സാധാരണം. ഇതൊന്നും ആലോചിക്കാൻപോലും കഴിയാത്ത മലയാളികൾക്ക് അവരുടെ വിവാഹമോചന സംസ്ക്കാരവും ആ അർത്ഥത്തിൽ അനുകരിക്കാൻ കഴിയില്ല. ചുരുക്കത്തിൽ പാശ്ചാത്യത്തിന്റെ ഇത്തരം രീതികളെ ഉപരിവിപ്ലവമായി കോപ്പിയടിക്കുകയേ നാം ചെയ്യുന്നുള്ളൂ. വിവാഹമോചനത്തിന്റെ കേവല സൗകര്യം ഉപയോഗപ്പെടുത്തുന്നു എന്നല്ലാതെ പാശ്ചാത്യർ അതിലൂടെ മുന്നോട്ടുവയ്ക്കുന്ന തുറന്ന ജീവിതസമീപനം മലയാളികളുടെ കപട ബോധത്തിന് അന്യംതന്നെ.

ഭരണകൂടങ്ങൾ ഉണ്ടാക്കുന്ന നിയമങ്ങളിലൂടെ കുടുംബബന്ധങ്ങൾ ഭദ്രമാക്കാമെന്ന ധാരണയും ഫലവത്തല്ല. ദാമ്പത്യത്തിൽ നിന്ന് സ്നേഹം വാതിൽ തുറന്ന് പുറത്തുകടന്നാൽ നിയമം ജനാല വഴി അകത്ത് കയറും എന്ന ഇംഗ്ലീഷ് പഴമൊഴിയാണ് ഓർമ്മ വരുന്നത്. നിയമംകൊണ്ട് കെട്ടിയുണ്ടാക്കാവുന്ന രാവണൻ കോട്ടയല്ല കുടുംബം. ബന്ധങ്ങളുടെ സ്വാഭാവികത നഷ്ടപ്പെട്ടാൽ കുടുംബങ്ങളുടെ പ്രസക്തിയും കുറയുന്നു. വീട്ടുജോലി ചെയ്യുന്ന ഗൃഹസ്ഥയ്ക്ക് ഭർത്താവ് വേതനം കൊടുക്കണമെന്ന വിപ്ലവകരമായ നിർദ്ദേശത്തിന്റെയൊക്കെ പ്രശ്നം ഇതാണ്.

മതങ്ങൾ, രാഷ്ട്രീയപ്രസ്ഥാനങ്ങൾ, പ്രത്യയശാസ്ത്രങ്ങൾ, മാധ്യമങ്ങൾ, വിദ്യാഭ്യാസം ഇവയൊക്കെ മാറിയ കാലഘട്ടത്തിൽ കുടുംബങ്ങളെ പുനർനിർവ്വചിക്കേണ്ടതുണ്ട്. തുല്യതയിലും സ്വാതന്ത്ര്യത്തിലും ഊന്നാതെയുള്ള കുടുംബ സങ്കൽപ്പങ്ങളെ നിരാകരിക്കേണ്ടിയിരിക്കുന്നു. ധാർമ്മിക പ്രബോധനങ്ങളും ചുമതലകളും ഊടും പാവും നെയ്യുന്ന കുടുംബങ്ങൾ സുരക്ഷിതമെന്ന ലളിതചിന്ത മാത്രം പോരാ. കൃത്രിമ നന്മ സങ്കൽപ്പങ്ങൾ നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാവില്ലെന്നും പുതിയകാലം ബോധ്യപ്പെടുത്തുന്നു.

ഉഭയവ്യക്തിത്വങ്ങളെ അംഗീകരിച്ചുകൊണ്ട് കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊണ്ട് കുടുംബങ്ങൾ പണിതുയർത്തണം. അതിന്റെ അകത്തളങ്ങളിൽ യാഥാർത്ഥ്യത്തിൽ ഊന്നിയ ജനാധിപത്യത്തിന്റെ ബഹുസ്വരമായ ഇടങ്ങളിൽ പ്രണയവും സൗഹൃദവും നിറയണം.

ഓർത്തഡോക്സ്
യുവജനം
ത്രൈമാസിക

# കൂടുമ്പോൾ ഇമ്പമുള്ള കുടുംബം

**പരിശുദ്ധ തിത്വത്തിന്റെ കുട്ടായ്മയി ലേക്കുള്ള ദൈവവിളിയാണ് വിവാഹം.**

ഒരോ ദിവസവും കഴിയുന്തോറും കുടുംബ ബന്ധങ്ങളുടെ പവിത്രത കൂറഞ്ഞു വരുന്നു. അണുകുടുംബം ദിവസം പ്രതി വർദ്ധിക്കുമ്പോൾ, വൃദ്ധസദനങ്ങളുടെ എണ്ണം കുടുമ്പോൾ, കുടുബത്തിൽ ഉള്ളവരുടെ ഐക്യം കുറഞ്ഞു വരുന്നു. ഒരാളുടെ സാമുഹികവും സാംസ്കാരികവും, വിശ്വാസപരവുമായ അടിത്തറയാണ് ഒരു കുടുംബം. അവിടെ നന്മയും, സഹനവും, സഹവർത്തിത്വവും കൂടി ചേരുന്നു.എന്നാൽ, ഇന്ന് ഇങ്ങനെയുള്ള ഒരു കുടുംബം നന്മൾക്കിടയിൽ ഉണ്ട് എന്ന് നമ്മേൾക്ക് പറയാൻ, കാണിച്ചു കൊടുക്കാൻ സാധിക്കുന്നുണ്ടോ? എന്ത് കൊണ്ട്?

ദൈവിക പദ്ധതിയായ ക്രിസ്ത്രിയ കുടുംബം ഒരു അനുഭവമാണ്, നിർവചനമല്ല.ഗലാതൃലേഖനത്തിൽ പറയുന്ന ആത്മാവിന്റെ ഫലങ്ങൾ ഒരു കുടുംബത്തിൽ അനിവാര്യമാണ്. ദൈവം മൂന്നാളുകളുടെ കുട്ടായ്മയാണ്. ദൈവ കുടുംബം എന്ന് യേശു തന്നെ വെളിപ്പെടുത്തിയ നിത്യ സത്യം. ദൈവനാമത്തിൽ ജനതകളെ സ്നാനപ്പെടുത്തുമ്പോൾ അത്, പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ' (മത്തായി28: 20). ആയിരിക്കണമെന്ന് യേശു പ്രത്യേകം നിഷ്കർഷിക്കുന്നു. പരിശുദ്ധാത്മാവുമായ ഏകദൈവം സ്നേഹത്തിന്റെ കൂട്ടായ്മയും, ക്രിസ്ത്രിയ കുടുംബം അതിന്റെ ഭൂമിയിലെ പ്രകാശനവുമാണ്. പരിശുദ്ധ തിത്വത്തിന്റെ കുട്ടായ്മയിലേക്കുള്ള ദൈവവിളിയാണ് വിവാഹം.അതിൽ നിലനിൽക്കുവാനും, പ്രകാശിക്കുവാനുള്ള, ദൗത്യമാണ് ദമ്പതികൾ ഏറ്റെടുക്കുന്നത്. അങ്ങനെയെങ്കിൽ, എവിടെയാണ് ഭൂമിയിലെ സ്വർഗ്ഗം നരകമായിത്തീരുന്നത്?

ലില്ലി പുഷ്പങ്ങളെക്കാൾ സൗരഭ്യമേറിയ പരിപാകതയാൽ തങ്ങളുടെ മന:സാക്ഷിയെ നയിക്കുവാൻ ഇവർക്ക് ഇടയാകട്ടെ, പാവനമായ വിവാഹത്തിന്റെ നിർമ്മല പാതയെ നശിപ്പിക്കുന്ന ദുഷ്ടത്മക്കളിൽ നിന്ന് ദൈവം ഇവരെ സംരക്ഷിക്കട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നുണ്ട് .ജിവിതം യേശുവിനോടുള്ള വിശുദ്ധവും, നവീനവും, ശാശ്വതവുമായ ,നിരന്തരവുമായ ഒരു ഉടമ്പടി ആണ്. (എഫ്യേസർ1:4) മാമോദീസ വഴി ഒരോരുത്തരെയും ദൈവം തിരഞ്ഞെടുത്തിരിക്കുന്നു.

ജിവിതത്തിലെ സാധാരണ കാര്യങ്ങൾ അസാധാരണ സ്നേഹത്താൽ പരിപൂർണമാക്കാൻ ശ്രമിച്ചാൽ എല്ലാവർക്കും വിശുദ്ധി പ്രാപിക്കാം. ആരും നശിച്ച് പോകാതെ എല്ലായ്പ്പോഴും പ്രാർത്ഥനയോടെ, സമാധാനത്തോടെ'വിശ്വസ്തതയോടെ, ജിവിച്ച് നല്ലവരായി, നല്ല കുടുംബമായി മാറാൻ സാധിക്കും.. എന്ന് നമ്മൾക്ക് പ്രതാശിക്കാം.



ലിറ്റി സജി ജോർജ്ജ്






# അതിജീവനം



ഡോ. ഐപ്പുരു ജോൺ M.B.B.S
(കാഷ്വാൽറ്റി ഇൻചാർജ്ജ്
സി.എം.മെഡിക്കൽ കോളേജ്
ഭിലായ്)

നിശ്ചലമായ തെരുവുകൾ, വിജനമായ കമ്പോളങ്ങൾ, ദേഹമാസകലം മൂടികെട്ടിയ ആരോഗ്യപ്രവർത്തകർ-നാം പൊരുതുകയാണ് ! അതിർത്തികൾ അടച്ച് സഞ്ചാരത്തിന് കൂച്ചുവിലങ്ങിട്ട്, പ്രിയമുള്ളവയെല്ലാം അകലത്ത് നിർത്തി- നാം പോരാടുകയാണ് !
കോവിഡ് 19- നേരമിരുട്ടി വെളുത്തപ്പോഴേക്കും ഭൂഗോളത്തെ യുദ്ധഭൂമിയാക്കിയ മഹാമാരിക്കാലം !!

ലോകാരോഗ്യ സംഘടന കോവിഡ് 19 (Covid 19) എന്ന് വിശേഷിപ്പിക്കുന്ന രോഗത്തിന് കാരണമാവുന്നത് കൊറോണ എന്ന RNA വൈറസാണ്. പൊതുവായി പക്ഷി മൃഗാദികളിൽ രോഗങ്ങളുണ്ടാക്കുന്നയീ വൈറസിന് ജനതിക വ്യതിയാനം സംഭവിച്ച് മനുഷ്യരിലേക്ക് പടരുമ്പോഴാണ് സാർസ്, മെർസ്, കോവിഡ് 19 തുടങ്ങിയ പകർച്ച വ്യാധികളുണ്ടാവുന്നത്. ചൈനയിൽ വന്യജീവികളുടെയടക്കം ഇറച്ചി വിൽക്കുന്ന അറവുശാലകളുമായ് ബന്ധപ്പെട്ടുള്ളവരിലാണ് ഈ രോഗം ആദ്യമായ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. വവ്വാൽ, ഈനാംപേച്ചി തുടങ്ങിയ സസ്തനികളിൽ നിന്നാണ് കൊറോണ മനുഷ്യരിലേക്ക് പടർന്നത് എന്ന് അനുമാനിക്കപ്പെടുന്നു. പത്രമാധ്യമങ്ങൾ മുഖേന കോവിഡിന്റെ പ്രാരംഭ കാലഘട്ടത്തെക്കുറിച്ച് വായനക്കാർക്ക് ധാരണയുണ്ടാവുമെന്നതിനാൽ നിലവിലെ സാഹചര്യത്തിൽ എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ചും പ്രതിരോധ നടപടികളെക്കുറിച്ചും ചർച്ച ചെയ്യുവാനാണ് ഈ ലേഖനം ഉപയോഗപ്പെടുത്തുന്നത്.

**രോഗാണുവിനേയും അതിന്റെ വ്യാപനത്തെയും കുറിച്ചുള്ള അവബോധമാണ് പ്രതിരോധത്തിന്റെ ആദ്യഘട്ടം.**

രോഗാണുവിനേയും അതിന്റെ വ്യാപനത്തെയും കുറിച്ചുള്ള അവബോധമാണ് പ്രതിരോധത്തിന്റെ ആദ്യഘട്ടം. രോഗാണുവടങ്ങിയ കണികകൾ, അല്ലെങ്കിൽ തുള്ളികളിലൂടെയാണ് (droplet) കോവിഡ് പകരുന്നത്. രോഗിയുമായോ രോഗം പരത്തുന്ന മൃഗങ്ങളുമായോ സമ്പർക്കമുള്ളവർക്കാണ് രോഗസാധ്യത.

രോഗി തുമ്മുമ്പോഴോ, ചുമയ്ക്കുമ്പോഴോ തെറിക്കുന്ന ഉമിനീർ, മറ്റ് സ്രവങ്ങൾ എന്നിവ വഴി രോഗം പകരാം. രോഗിയുടെ ഒരു മീറ്ററോളം ചുറ്റളവിലുള്ളവരിലേക്കാണ് രോഗാണുവിന് വായുവിലൂടെ സഞ്ചരിച്ചെത്താനാവുന്നത്. രോഗിയുപയോഗിച്ച പാത്രങ്ങൾ, വസ്ത്രങ്ങൾ, ടവ്വൽ എന്നിവയിലൂടെയി രോഗം പകരാം. വൈറസ് ശരീരത്തിൽ പ്രവേശിച്ച് കഴിഞ്ഞ് രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടാൻ അഞ്ചു മുതൽ ഇരുപത്തിനാല് ദിവസങ്ങൾ വരെയെടുക്കാമെന്നാണ് പഠനഫലമെങ്കിലും കേരളത്തിലും മറ്റും ക്വാറന്റീൻ കാലഘട്ടത്തിനു ശേഷവും പോസിറ്റീവായ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

പനി, തലവേദന, ജലദോഷം, തൊണ്ടവേദന, ചുമ, നെഞ്ചുവേദന, ശ്വാസതടസ്സം, അസാധാരണമായ ക്ഷീണം എന്നിവയാണ് രോഗലക്ഷണങ്ങൾ. ചിലരിൽ സാധാരണ ജലദോഷപ്പനി പോലെ വന്നുപോകുന്ന കൊറോണ പക്ഷേ മറ്റു ചിലരിൽ ന്യുമോണിയ, ഷോക്ക് തുടങ്ങിയ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നു. പ്രധാനമായും പ്രായമായവരിലും മറ്റ് ദീർഘകാല അസുഖങ്ങളുള്ളവരിലുമാണ് കൊറോണ രോഗം വഷളാവുന്നത്. എന്നാൽ ഭാരതത്തിൽ എൺപത് ശതമാനമാളുകൾക്കും രോഗലക്ഷണങ്ങൾ അനുഭവപ്പെടുന്നില്ല എന്നാണ് ഐ.സി.എം.ആർ മുന്നറിയിപ്പ് നൽകുന്നത്. എല്ലാ ജലദോഷപ്പനികളും കൊറോണ ബാധയല്ല. വിദേശത്തോ ഇതര സംസ്ഥാനങ്ങളിലോ, കൊറോണ ഹോട്ട്സ്പോട്ടുകളിലോ സഞ്ചരിച്ചവരും അവരുമായി ഇടപഴകിയവരും മാത്രമേ രോഗബാധ സംശയിക്കേണ്ടതുള്ളൂ. രോഗമുണ്ടെന്ന് സംശയിക്കപ്പെടുന്നവരുടെ തൊണ്ടയിൽ നിന്നുള്ള സ്രവം, കഫം, രക്തം, മൂത്രം എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് RT,PCR,NAAT എന്നീ ടെസ്റ്റുകൾ നടത്തിയാണ് രോഗനിർണ്ണയം നടത്തുന്നത്.

കൊറോണ രോഗബാധയ്ക്കെതിരെ നിലവിൽ പ്രത്യേക വാക്സിനോ, ചികിത്സയോ ലഭ്യമല്ല. രോഗലക്ഷണങ്ങളുടെ തീവ്രത കുറയ്ക്കുവാനും രോഗിയുടെ ആരോഗ്യസ്ഥിതി സംരക്ഷിക്കുവാനും ഉള്ള 'സപ്പോർട്ടീവ് കെയർ' സമ്പ്രദായമാണ് ഇപ്പോൾ അവലംബിച്ചിട്ടുള്ളത്. മലമ്പനിയ്ക്കുള്ള മരുന്നും, എയ്ഡ്സ്-എബോള തുടങ്ങിയവയ്ക്കുള്ള ആന്റി വൈറൽ മരുന്നുകളും, വിരമരുന്നുകളുമൊക്കെ നൽകുന്നുണ്ട് പലയിടങ്ങളിലും. പ്രധാനമായും ഫ്ളൂയിഡുകളും ഓക്സിജനും, ശ്വാസസംബന്ധമായ് ഗുരുതര പ്രശ്നമുള്ളവർക്ക് വെന്റിലേറ്റർ ചികിത്സയുമാണ് നൽകുന്നത്. മറുമരുന്നിനായും വാക്സിനുമായുള്ള ഗവേഷണങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്.

'പ്രതിരോധം നമ്മുടെ കൈകളിലാണ്'- ചിട്ടയായ പ്രവർത്തനം കൊണ്ട് രോഗസംക്രമണവും മരണനിരക്കും പിടിച്ചുകെട്ടിയ കേരള ആരോഗ്യ വകുപ്പ് മുന്നോട്ട് വെയ്ക്കുന്നയീ ആപ്തവാക്യത്തിന് ഒരുപാട് അർത്ഥതലങ്ങളുണ്ട്. നമ്മിലൊരുവന്റെ പിഴവിന് വില കൊടുക്കേണ്ടിവരുന്നത് ഒരു സമൂഹം മൊത്തമാണ്. ഈ മഹാമാരിക്കാലത്ത് ആരോഗ്യകേരളത്തിന് മുന്നിൽ മൂന്ന് ലക്ഷ്യങ്ങളാണുള്ളത്

1. സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും നിർദ്ദേശങ്ങൾ അക്ഷരാർത്ഥത്തിൽ അനുസരിച്ച്, നമ്മെയും നമ്മുടെ ചുറ്റുമുള്ളവരെയും കോവിഡിൽ നിന്ന് സംരക്ഷിക്കുക.
2. സാമൂഹിക അകലം കർശനമായ് പാലിച്ചുകൊണ്ട് നിലവിൽ ക്വാറന്റൈനിലുള്ളവർക്കും ലോക്ഡൗൺ ഇളവുകൾക്കുശേഷം ഇതരസംസ്ഥാനങ്ങളിൽ നിന്നും വിദേശത്ത് നിന്നും എത്തുന്നവർക്കും സുരക്ഷിതമായ ജീവിതസാഹചര്യങ്ങളും മാനസിക പിന്തുണയും ഉറപ്പ് വരുത്തുക.
3. കോവിഡിനെത്തുടർന്ന് മാറിയ ജീവിതസാഹചര്യങ്ങളുമായ് പൊരുത്തപ്പെട്ട് കൊണ്ട് ജനങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം പരിരക്ഷിക്കുക.

രോഗവ്യാപനത്തെ തടയാനുള്ള ഏക മാർഗ്ഗം വ്യക്തി ശുചിത്വമാണ്. സാമൂഹിക അകലം കൃത്യമായ് പാലിക്കണം. പുറത്തിറങ്ങുമ്പോൾ മുഖാവരണം അല്ലെങ്കിൽ മാസ്ക് ധരിക്കണം. മൂക്കും വായും പൂർണ്ണമായും മറയ്ക്കുന്ന രീതിയിലുള്ളവയാണ് ധരിക്കേണ്ടത്.

സർജിക്കൽ മാസ്ക്കുകളും എൻ-95 മാസ്ക്കുകളും ആരോഗ്യപ്രവർത്തകർക്ക് നിർബന്ധമാണെങ്കിലും പൊതുജനങ്ങൾക്ക് തുണിയുപയോഗിച്ച് നിർമ്മിച്ചവ മതിയാകും. തുവാലയും റബ്ബർബാൻഡും കൊണ്ട് മാസ്ക്കുണ്ടാക്കുന്നതെങ്ങിനെയെന്ന് കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റിൽ വീഡിയോ സഹിതം കൊടുത്തിട്ടുണ്ട്. കൈകൾ ഇടയ്ക്കിടെ സോപ്പോ ആൽക്കഹോൾ അടങ്ങിയ ലായനികളോ ഉപയോഗിച്ച് കഴുകി വൃത്തിയാക്കുക. കഴുകാത്ത കൈകൾ കൊണ്ട് കണ്ണ്, മൂക്ക്, വായ തുടങ്ങിയ ഭാഗങ്ങളിൽ സ്പർശിക്കരുത്. ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തുവാല ഉപയോഗിച്ച് മുഖം പൊത്തി പിടിക്കുക.

മാർക്കറ്റിൽ നിന്നും വാങ്ങിയ പഴങ്ങളും പച്ചക്കറികളും നല്ലതു പോലെ കഴുകിയതിന് ശേഷം മാത്രം ഭക്ഷിക്കുക. മൊബൈൽ ഫോണുകളും മറ്റു നിത്യോപയോഗ സാധനങ്ങളും പരസ്പരം കൈമാറി ഉപയോഗിക്കാതിരിക്കുക.

'മെയ്യകലത്തും മനസ്സരികത്തും'- ഇതാവണം ക്വാറന്റീനെക്കുറിച്ചുള്ള നമ്മുടെ സമീപനം. വിദേശയാത്രകളും ഇതരസംസ്ഥാന യാത്രകളുമടക്കം നമ്മെക്കുറിച്ചുള്ള സത്യസന്ധമായ വിവരങ്ങൾ ആരോഗ്യവകുപ്പിനെ അറിയിക്കുന്നതാണ് ഏറ്റവും പ്രധാനം. ലക്ഷണങ്ങൾക്കായ് കാത്തിരുന്ന് ചികിത്സ വൈകിപ്പിക്കുന്നത് വഴി നമ്മുടെ പ്രിയപ്പെട്ടവർക്ക് കൂടി നാം ഈ രോഗം പകർന്ന് നൽകാം. കൃത്യമായ ചികിത്സയും കരുതലോടും കൂടെ തൊണ്ണൂറും എൺപതുമൊക്കെ വയസ്സ് പ്രായമായ, ദീർഘകാല രോഗങ്ങളുള്ളവരെപ്പോലും നമുക്ക് സുഖപ്പെടുത്തുവാനായെന്നത് നമ്മുടെ ആരോഗ്യരംഗത്തിന്റെ കർമ്മകുശലത വ്യക്തമാക്കുന്നു. സർക്കാർ അപ്പപ്പോൾ വിജ്ഞാപനം ചെയ്യുന്ന ക്വാറന്റീൻ കാലയളവ് (നിലവിൽ 28 ദിവസം) പൂർത്തിയാകുവോളം വീട്ടിലുള്ള മറ്റുള്ളവരുമായ് ഇടപഴകാതെ, കൃത്യമായ വായുസഞ്ചാരമുള്ള ബാത്ത് അറ്റാച്ച്ട് ആയ മുറികളിൽ കഴിയണം. നിരീക്ഷണത്തിലുള്ള വ്യക്തിയുപയോഗിച്ച സാധനങ്ങൾ അണുവിമുക്തമാക്കണം

ക്വാറന്റീനിലുള്ള നമ്മുടെ പ്രിയപ്പെട്ടവരെ വീഡിയോ കോളുകളിലൂടെയും ഓൺലൈൻ ഗ്രൂപ്പ് ഗയിംസുകളിലൂടെയുമൊക്കെ മാനസികമായ് നമ്മോട് ചേർത്ത് പിടിക്കണം. എന്തെങ്കിലും രോഗലക്ഷണങ്ങൾ പ്രകടമാവുകയാണെങ്കിൽ ദിശ (DISHA) യിലേക്ക് അറിയിക്കുകയും ആരോഗ്യവകുപ്പിന്റെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കുകയും വേണം. കോവിഡ് വാർഡുകളല്ലാതെ സ്വന്തം നിലയിൽ ആശുപത്രികളെയോ ഡോക്ടർമാരെയോ സമീപിക്കരുത്.

കുതിച്ചുപായുന്ന തീവണ്ടിയെ അപായച്ചങ്ങല വലിച്ച് നിർത്തിയതെന്ന പോലെ കോവിഡ് നമ്മുടെ ജീവിത ചക്രത്തെ മാറ്റി മറിച്ചിരിക്കുന്നു. പൂർണ്ണ ലോക്ഡൗണിന്റെ നാല്പ്പതോളം ദിവസം നാം താണ്ടിക്കഴിഞ്ഞിരിക്കുന്നു. കോവിഡിന്റെ സംക്രമണ വ്യാപ്തിയനുസരിച്ച് നിയന്ത്രണങ്ങൾക്ക് ഏറ്റക്കുറച്ചിലുകളുണ്ടാവാം. നാല് ചുവരുകൾക്കുള്ളിൽ കഴിയുവാൻ നിർബന്ധിക്കപ്പെടുന്നതും വ്യാപാര നഷ്ടങ്ങളും മറ്റും നമ്മുടെ മാനസിക ആരോഗ്യത്തെ ബാധിക്കാം. അതിനാൽ കോവിഡ് കാലഘട്ടം കുടുംബബന്ധങ്ങളുടെ ശാക്തീകരണത്തിനായ് ഉപയോഗിക്കാം. ബന്ധുമിത്രാദികളുമായ് വീഡിയോ കോളുകളിലൂടെ സംവാദിക്കാം, പണ്ട് നാട്ടിൻ പുറങ്ങളിൽ കളിച്ചിരിന്ന കളികളും, പഴങ്കഥകളും, നാട്ടറിവുകളും പുതുതലമുറയ്ക്ക് പകർന്ന് നൽകാം. സംഗീതവും, നൃത്തവും, കരകൗശലവിദ്യകളുമടക്കം തങ്ങളുടെ സർഗ്ഗാത്മക ശേഷികളെ പൊടിതട്ടിയെടുക്കാം. വ്യാധികളെയും വ്യകുലതകളെയും ദൈവവിശ്വാസത്തിലൂന്നി നമുക്ക് തരണം ചെയ്യാം. വിദ്യാർത്ഥികൾ എന്നും നിശ്ചിത സമയം പഠനകാര്യങ്ങൾക്കായ് ചിലവഴിക്കേണ്ടതുണ്ട്. ഓൺലൈൻ കോച്ചിങ്ങുകളും പാഠഭാഗങ്ങളും ഇന്ന് ലഭ്യമാണ്. ഓൺലൈൻ ഗെയിമിങ്ങ് സമയക്രമം രക്ഷിതാക്കൾ ശ്രദ്ധിക്കണം.കോവിഡ് കാലഘട്ടത്തിൽ ഇതരരോഗങ്ങളാൽ വലയുന്നവരെ സഹായിക്കാൻ സർക്കാരും ഡോക്ടർമാരുടെ സംഘടനയായ ഐ.എം.എയും (IMA) ഓൺലൈൻ



കൺസൽട്ടേഷനുകളടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സാധാരണ പനികൾക്കുംമറ്റും ഡോക്ടറുടെ നിർദ്ദേശാനുസരണമുപയോഗിക്കുന്ന ആന്റിബയോട്ടിക്ക് മരുന്നുകൾ കൊണ്ട് ശമനമുണ്ടാവും രക്തസമ്മർദ്ദവും ഹൃദ്രോഗവുമടക്കമുള്ള ദീർഘകാല രോഗമുള്ളവർ സ്ഥിരമായ് ചികിത്സിക്കുന്ന ഡോക്ടറെ ബന്ധപ്പെടുവൻ വാട്സാപ്പ് പോലെയുള്ള സൗകര്യങ്ങളുപയോഗപ്പെടുത്തുകയും ഡോക്ടറുടെ നിർദ്ദേശങ്ങൾ പാലിക്കുകയും വേണം. നിലവിൽ കേരളത്തിൽ ഒട്ടുമിക്കയിടങ്ങളിലും സർക്കാർ-പ്രൈവറ്റടക്കമുള്ള ഹോസ്പിറ്റലുകളും, ലാബുകളും, സ്കാനിങ്ങ് സെന്ററുകളും ഭംഗം കൂടാതെ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യകരമായ ഭക്ഷണരീതിയും നാടൻ ആരോഗ്യ പൊടിക്കൈകളും കൊറോണക്കാലത്ത് പ്രതിരോധശേഷി വർദ്ധിപ്പിക്കാനുപയോഗപ്പെടും.

അതിജീവനത്തിനൊരു ഭൂപടമുണ്ടായിരുന്നെങ്കിൽ അതിന് മലയാൺമയുടെ മുഖമായിരുന്നേനെ; എല്ലാം കവർന്നെടുത്ത പ്രളയത്തെ ഹൃദയം കൊണ്ടൊരു ചിറകെട്ടി തടഞ്ഞവർ ! ഭീതിയുടെ സംഹാര താണ്ഡവമാടിയ നിപ്പയെ മനസാന്നിധ്യം കൊണ്ട് നിഷ്പ്രഭമാക്കിയവർ ! ശ്വാസം മുട്ടിച്ച കൊറോണയെ അർപ്പണബോധം കൊണ്ട് വരുതിയിലാക്കിയവർ !

എന്തിനേറെ.. കൊറോണയുടെ മടയിൽ പറന്നിറങ്ങി നമ്മുടെ സഹോദരങ്ങളെ തിരികെയെത്തിച്ച ഇന്ത്യൻ മെഡിക്കൽ സംഘത്തിനും, ലോകത്താകെ കോവിഡ് പ്രതിരോധ സേനയിലുള്ള നഴ്സുമാരടക്കമുള്ള ആരോഗ്യപ്രവർത്തകരിലും തെളിയുന്നത് മലയാൺമയുടെ ചങ്കുറപ്പ് തന്നെ !

വെല്ലുവിളികളുടെ പേരിന് മാത്രമേ മാറ്റമുള്ളൂ;
നമുക്ക് മന്ത്രമൊന്ന് മാത്രം-അതിജീവനം !




# കൊറോണ കാലം നമ്മെ പഠിപ്പിക്കുന്നത്



ഫാ.ജോൺ ടി.ശാമുവേൽ
പബ്ലീഷർ

**അത്യാവശ്യം ഉള്ളവർക്ക് നൽകിക്കൊണ്ട് തീർത്തും ലളിതമായി ജീവിക്കുന്നവരുടെ ജീവിതരീതി.**

വളരെ പ്രയാസമേറിയ കാലമാണിത്; എന്നാൽ അതിലേറെ നമ്മെ ചിന്തിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന കാലം കൂടി യാണ്. മലയാളിയുടെ അനാവശ്യ ആഡംബരങ്ങളെയും ധൂർത്തി നെയും പറ്റി പുനർചിന്തി ക്കാനുള്ള സമയം മലയാളി കൾക്ക് പരിചയമില്ലെങ്കിലും യൂറോപ്പിലുൾപ്പെടെ പ്രചാരത്തിലുള്ള വാക്കാണ് മിനി മലിസം. അതൊരു വാക്കു മാത്രമല്ല, ജീവിതരീതി കൂടിയാണ്. എല്ലാം വാരിവലിച്ച് സ്വന്തമാക്കാനും കയ്യടക്കാനും ശ്രമിക്കുന്നതിനു പകരമുള്ള തികച്ചും വ്യത്യസ് തമായ ജീവിതരീതി. അതിന് അതിന്റേതായ ഗുണങ്ങളുമുണ്ട്.

കേവലം ഒരു ആശയം എന്നതി ലുപരി പുതിയൊരു ജീവിതരീതിയാണ്, ഇത് ആഴത്തിൽ മനസ്സിലാക്കുകയും വേണ്ടാത്ത തുമായ സാധനങ്ങൾ വാങ്ങു ന്നവർ മിനിമലിസ്റ്റുകളുടെ വഴിയേ നടന്നാൽ അവർക്ക് പ്രധാന മായും കിട്ടുന്നത് സാമ്പത്തിക ലാഭവും മനസമാ ധാനവുമാണ്.

ഓണർഷിപ് മിനിമലിസം എന്നാൽ കഴിയുന്നത്ര സാധനങ്ങൾ മറ്റു ള്ളവർക്ക് അല്ലെങ്കിൽ അത്യാവശ്യക്കാർക്ക് നൽകിക്കൊണ്ട് തീർ ത്തും ലളിതമായി ജീവിക്കുന്ന വരുടെ ജീവിതരീതി. സമയവും പണവും പാഴാക്കാതെ അതിൽ ലളിതമായും ഫലപ്രദമായും ജീവിക്കുന്നവരും മിനിമലിസ്റ്റുകളാണ്. യൂട്യൂബിൽ മിനിമലിസത്തെപ്പറ്റി യുള്ള നൂറുകണക്കിന് വീഡിയോ കളുണ്ട്. വലിയ വീടും കാറും വിറ്റ് ചെറിയ സ്ഥലങ്ങളിലേക്ക് മാറിയവർ. ഒന്നോ രണ്ടോ ഫർണീച്ചറു കളും വിരലിലെണ്ണാവുന്ന പാ ത്രങ്ങളും വസ്ത്രങ്ങളും മാത്രം ഉപയോഗിക്കുന്നവർ. വലിയ ജോലിയുടെ ഭാരമുപേക്ഷിച്ച് ചെറിയ ജോലിചെയ്ത്, യാത്ര ചെയ്ത് ഭാരമിറക്കി വയ്ക്കുന്നവർ.

സ്വന്തം താൽപര്യങ്ങൾക്കു വേണ്ടി യാതൊരു ബാഹ്യ ഇടപെടലുകൾക്കും അനുവാദം കൊടുക്കാത്ത ലൈഫ്സ്റ്റൈൽ മിനിമലിസ്റ്റുകൾക്കുണ്ട്. വാർത്തകളിൽ നിറഞ്ഞു നിൽക്കുന്നവർ പക്ഷേ, കൺസംപ്ഷൻ മിനിമലിസ്റ്റുകൾ ആണ്. ആവശ്യമുള്ള സാധനങ്ങൾ മാത്രമേ അവർ വാങ്ങൂ. അതുകൊണ്ടു തന്നെ ഇത്തരക്കാരുടെ വീട്ടിലോ, ഓഫിസിലോ പാഴ്വസ്തുക്കൾ ഉണ്ടാവില്ല. വൃത്തിയാക്കാൻ എളുപ്പം, ഒപ്പം പണം അനാവശ്യ മായി ചെലവഴിച്ചില്ല എന്ന ചിന്ത നൽകുന്ന സന്തോഷം. അതിൻറെയൊക്കെ അപ്പുറത്ത് വീട് അല്ലെങ്കിൽ ഓഫിസ് തരുന്ന പോസിറ്റീവ് എനർജി.

മിനിമലിസ്റ്റുകൾ ജീവിതത്തെ നിരാകരിക്കുന്നില്ല. മറിച്ച് ലളിത വഴികളിലൂടെ അതിനെ നേരിടുന്നു. മിനിമലിസം എന്നത് മനസ്സിന്റെ ഒരവസ്ഥയാണ്. ബാഹ്യമായ ശുദ്ധീകരണം മനസ്സിനെയും ശുദ്ധീകരിക്കുന്നു എന്നതാണ് അനുഭവസത്യം.

കൺസ്യൂമർ ജീവികളായ മലയാളികൾക്കിടയിൽ മിനിമലിസം എന്ന ലളിത ജീവിത രീതി വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കും എന്ന കാര്യത്തിൽ സംശയമില്ല. അതിന് ഈ കൊറോണക്കാലം നമ്മെ പ്രേരിപ്പിക്കുന്നു. അങ്ങനെയെങ്കിൽ കടക്കെണിയും, ജപ്തിയും സ്ത്രീധനമരണങ്ങളുമില്ലാത്ത ദിനങ്ങൾ കേരളത്തിലുമുണ്ടാകും; സംശയമില്ല.

---



**തേവര സെന്റ്തോമസ് ഓർത്തഡോക്സ് പള്ളിയിലെ പൂർവ്വകാല യുവജനപ്രസ്ഥാനം പ്രവർത്തകരുടെ ദമ്പതി കൂട്ടായ്മ**

**YOUNG COUPLE FORUM**



## ചക്ക ഗിന്നസ് റെക്കോർഡിലേക്ക്..

തിരുവനന്തപുരം ഭദ്രാസനത്തിൽപെട്ട മാക്കുളം സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനംഗവും മുൻ ആയൂർ ഗ്രൂപ്പ് പ്രതിനിധിയുമായ ജോൺകുട്ടി (Binoy)യുടെ കൃഷിയിടത്തിലാണ് ഈ അത്ഭുതചക്ക. 50കിലോയിൽ പുറത്തുള്ള ചക്ക ഗിന്നസ് റെക്കോർഡിലേക്ക് ചേർക്കപ്പെടാൻ പോകുന്നു എന്നതിന്റെ ആവേശത്തിലാണ് ജോൺകുട്ടി. പ്രസ്ഥാനപ്രവർത്തനങ്ങളിൽ എന്നും സജീവമായിരുന്ന ജോൺകുട്ടി പ്രതിനിധിയായിരുന്ന കാലഘട്ടത്തിൽ തുടർച്ചയായി രണ്ടുവർഷങ്ങളിലും ഭദ്രാസനത്തിലെ മികച്ച ഗ്രൂപ്പ് ആയി ആയൂർ തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ISRO ഉദ്യോഗസ്ഥനായിരുന്ന ജോൺകുട്ടി നിലവിൽ കേന്ദ്ര പൊതുമേഖല സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്ൽ ജോലിചെയ്യുന്നു.




# പ്രത്യാശയുടെ പൊൻകിരണങ്ങൾക്കായ് ......!

**ബിജു തങ്കച്ചൻ**
കേന്ദ്രസമിതിയംഗം
യു.എ.ഇ

കോവിഡ് 19ന്റെ പ്രഭവകേന്ദ്രമായ ചൈനയിലെ വുഹാനിൽ ചികിത്സയിൽ കഴിയുന്ന 87 കാരനായ കൊറോണരോഗബാധിതന് തന്റെ ആവശ്യപ്രകാരം സൂര്യാസ്തമയം കാണിച്ചു കൊടുക്കുന്ന ഡോക്ടറും ഒപ്പമുള്ള ചിത്രം ഈ കൊറോണക്കാലത്തെ ഹൃദയത്തിൽ തൊടുന്ന ഒന്നാണ്. പ്രതീക്ഷയുടെയും, ആശ്വാസത്തിന്റെയും പ്രതീകമാകുകയാണ് ഈ ചിത്രം. ഒരു വിശ്വാസിയുടെ അകക്കണ്ണ് തുറന്നു ദർശിക്കാവുന്ന ചിത്രങ്ങളാണ് പ്രാർത്ഥനകൾ.

> **നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു**

ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം ഊട്ടി ഉറപ്പിക്കുന്ന ഒരു പ്രധാന ഘടകമാണ് പ്രാർത്ഥന. രോഗത്തെയും, രോഗശാന്തിയെയും, പരിഹാര മാർഗത്തെയും പറ്റി ദീർഘമായി വിവരിക്കുന്നു യാക്കോബ് 5:13-16 വരെയുള്ള വാക്യങ്ങളിൽ. 'നിങ്ങളിൽ കഷ്ടമനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ; സുഖം അനുഭവിക്കുന്നവൻ പാട്ടു പാടട്ടെ. നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണപൂശി അവനു വേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും; കർത്താവു അവനെ എഴുന്നേല്പിക്കും; അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കും.

എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിന്നു തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞു ഒരുവന്നു വേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. 'നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു'.

ഒരു വള്ളിയോ പുള്ളിയോ വ്യത്യാസ പ്പെടുത്താതെ ഈ വാക്യങ്ങൾ ഇന്നിന്റെ അരക്ഷിതാവസ്ഥയ്ക്ക് പരിഹാരമായി ഒരു ഔഷധം എന്നോണം ധ്യാനിക്കാം. എല്ലാ നിർവചനവും ഇതിൽ രേഖപ്പെടുത്തിയിരി ക്കുന്നു. ലോകം പാപത്താൽ നിറഞ്ഞു കഴിഞ്ഞു എന്ന പരമമായ സത്യം തിരിച്ച റിഞ്ഞിട്ടും മറകൾ സൃഷ്ടിച്ചു കൊണ്ടും, ഒഴികഴിവുകൾ നിരത്തിയും ,പഴുതുകൾ തീ ർത്തും രക്ഷപെട്ടു നിലനിന്നുപോരുന്ന 'ഹേ! മർത്യാ' നീ പിടിക്കപ്പെട്ടു കഴിഞ്ഞു. കർ ത്താവ് നിന്നെ രോഗശയ്യയിൽ നിന്ന് എഴുന്നേല്പിക്കാൻ ഇനി നിന്റെ മുൻപിൽ പ്രാർത്ഥന മാത്രമെ പോംവഴിയും, ആശ്രയവും ആയിട്ടുള്ളു.

ലോകത്തിന്റെ വിവിധയിടങ്ങളിൽ ക്രൈസ് തവ ദൈവാലയങ്ങൾ പൂർണമായും, ഭാഗിക മായും ഒക്കെ ആരാധനകൾ നിർത്തുകയും, പരിമിതപ്പെടുത്തുകയും, അടയ്ക്കുകയും ഒ ക്കെ ചെയ്യപ്പെടുമ്പോൾ യെരുശലേം ദൈവാ ലയത്തിൽ നിന്ന് കച്ചവടക്കാരെ പുറത്താക്കി യതിനെ (മത്താ യി 21:12 ,13 )ഓർത്തു പോ കുകയാണ്. ഇതിന്റെ ഉത്തരവാദികൾ നാം തന്നെ എന്ന പുനർചിന്തയ്ക്കായുള്ള സമയം അതിക്രമിച്ചു.കൊറോണ ബാധിതനെ/ ബാ ധിതയെ ഒറ്റതിരിഞ്ഞു ആരോഗ്യ അധി കൃതരും, നിയമപാലകരും കീഴ്പ്പെടുത്തി കൊണ്ടുപോകുന്ന ദയനീയ കാഴ്ചകൾ കരിനിഴൽ വീഴ്ത്തിയത് ലോകത്തോളമോ അതിലധികമോ വളർന്ന ചൈനയുടെ സ്വപ് നങ്ങളെയാണ്. പറന്നുയരുമ്പോൾ ചിറക രിയും പോലെ' മുഖം നഷ്ടപ്പെട്ട മനുഷ്യൻ മുഖാവരണം ധരിച്ച് സഹജീവിയെ നോക്കി കാണേണ്ട അവസ്ഥ.ലോകം കൊറോണയു ടെ പിടിയിൽ ശ്വാസം മുട്ടുമ്പോൾ, മുഖം മൂടിയും, ദേഹമാസകലം കവചവും തീർത്ത് 'സുരക്ഷിതരാകാൻ' വെമ്പുന്ന മനുഷ്യരും, വിജനമായ തെരുവുകളും, അനിയന്ത്രിതമായ രോഗബാധയും,മരണനിരക്കും



ഈ കൊറോണക്കാലത്തും ഹൃദയത്തോട് ചേർത്ത് നിർത്താൻ ഒരു ചിത്രം.

ഭയം ജനിപ്പിക്കുമ്പോൾ ചില ചിത്ര ങ്ങൾ അല്ലെങ്കിൽ കാഴ്ചകൾ തെളി യേണ്ടിയിരിക്കുന്നു. ഉത്തരവാദിത്ത ത്തോടെ കർത്താവിൽ പ്രത്യാശയർ പ്പിച്ച് ജീവിക്കാനായി അഥവാ ജീവൻ നിലനിർത്താനായ് നമുക്ക് പരിശ്രമി ക്കാം. നിന്റെ രാജ്യം വരേണമെ എന്ന് പ്രാർത്ഥിക്കാം,

# കൊറോണ അനുഭവങ്ങളിലൂടെ....



ഫാ. റെജി മാങ്കുഴ

കർത്താവിനാൽ അനുഗ്രഹിതരായ
യുവജനപ്രസ്ഥാന അംഗങ്ങളെ എല്ലാവർക്കും
ക്രിസ്തു യേശുവിൽ സ്നേഹവന്ദനം ....

മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലമാക്കി കോവിഡ് 19 ലോകത്തെ ആശങ്കയുടെയും ഭീതിയുടെയും മുൾമുനയിൽ നിർത്തിയിരിക്കുന്ന ഈ സാഹചര്യത്തിൽ സൗദി അറേബ്യയിലെ പ്രവാസികളുടെ ജീവിതത്തെയും ഈ സാഹചര്യം സാരമായി ബാധിച്ചിരിക്കുന്നു. കർശനമായ നിയമങ്ങളോടെയാണ് 24 മണിക്കൂർ കർഫ്യൂ പ്രഖ്യാപിച്ചിരിക്കുന്നത് .പൊതുഗതാഗതം ഫെബ്രുവരി മാസത്തിൽ നിർത്തി .എന്നാൽ മിനിസ്ട്രിയിൽ നിന്ന് ലഭിക്കുന്ന പ്രത്യേക പാസ് ഉപയോഗിച്ച് സ്വകാര വാഹനങ്ങൾ പുറത്തിറക്കാൻ സാധിക്കുന്നുണ്ട്.ആതുരസേവനവും മറ്റ് അത്യാവശ്യ സേവനവും ഒഴികെ മറ്റ് എല്ലാ മേഖലകളും നിശ്ചലമായിരിക്കുന്നു.ഒരു മാസത്തിൽ അധികമായി പലർക്കും ജോലിയില്ല .ജോലി ഭവനത്തിൽ ഇരുന്ന് ചെയ്യുവാനുള്ള സാഹചര്യം ഉണ്ടെങ്കിലും പല സ്ഥാപനങ്ങളും ശമ്പളം പകുതിയായി കുറച്ചിരിക്കുന്നു.ലേബർ ക്യാമ്പുകളിലെ ജീവിതം വളരെ ദുസഹമാണ് .രോഗം പടർന്ന് കൊണ്ടിരിക്കുന്നു. ക്യാമ്പുകൾ പലതും അടച്ചു .രോഗികളെ ആശുപത്രികളിലും ഹോട്ടലുകളിലുമായി പാർപ്പിച്ചിരിക്കുന്നു .ആതുര സേവന രംഗത്ത് പ്രവർത്തിക്കുന്ന നമ്മുടെ സഹോദരിമാർ വളരെ ആശങ്കയിലാണ് .ഇപ്പോൾ എല്ലാ രീതിയിലും കരുതൽ ഉണ്ടെങ്കിലും രോഗികളുടെ എണ്ണത്തിൽ വർദ്ധന വരുമ്പോൾ എന്താകും എന്ന് ഒരു നിശ്ചയവുമില്ല .ഏറ്റവും വേദനാജനകമായ ഒരു കാര്യം നാട്ടിൽ പ്രിയപ്പെട്ടവരുടെ വിയോഗം സംഭവിക്കുമ്പോൾ ഇവിടെ നിന്ന് വരുവാൻ സാധിക്കുന്നില്ല എന്നതാണ് . ഇവിടെയും മരണപ്പെടുന്നവരുടെ മൃതശരീരം ഇവിടെ തന്നെ സംസ്ക്കരിക്കുകയാണ് .ആരാധന സ്വാതന്ത്ര്യം ഇവിടെ ഇല്ല എന്ന വിവരം എല്ലാവർക്കും അറിയാമല്ലൊ ? സോഷ്യൽ മീഡിയയിലൂടെ സംപ്രേഷണം ചെയ്യുന്ന വി.കുർബ്ബാനയിൽ പങ്കെടുക്കുന്നു.തൃശൂർ മെത്രാസന മെത്രാപ്പോലീത്ത അഭി.ഡോ .യൂഹാനോൻ മോർ മിലിത്തോസ് തിരുമേനി ആശ്വാസ വചനങ്ങൾ വീഡിയോയിലൂടെ നല്കി ആത്മ ധൈര്യം നല്കി കൊണ്ടിരിക്കുന്നു.ഈ പ്രതിസന്ധിയിലും സോഷ്യൽ മീഡിയ വഴി ആത്മീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ മുടക്കം കൂടാതെ നടത്തുന്നു .നമ്മുടെ പല ആളുകൾക്കും കോറോണ വൈറസ് ബാധിച്ച് ചികിത്സയിലാണ് . നല്ലൊരു ശതമാനം ആളുകൾ നാട്ടിലേക്ക് തിരികെ പോ രേണ്ട സാഹചര്യം വന്ന് കൊണ്ടിരിക്കുന്നു .തൊഴിൽ നഷ്ടം രൂക്ഷമാണ് .പ്രവാസികളുടെ ഭാവി തൊഴിൽ സാധ്യതയും അവരുടെ സാമ്പത്തിക സ്ഥിതിയും സുരക്ഷിതമല്ല .

എല്ലാവരുടെയും പ്രാർത്ഥനയിൽ പ്രവാസികളെ ഓർക്കണം.
ബഹു.അജി കെ .തോമസ് അച്ചന്റെ സ്നേഹാന്വേഷണങ്ങൾക്ക്
പ്രത്യേകമായി നന്ദി അറിയിക്കുന്നു .
എല്ലാവരെയും ദൈവം അനുഗ്രഹിക്കേണ്ടതനായി പ്രാർത്ഥിക്കുന്നു .
കർത്തൃശുശ്രൂഷയിൽ

**റെജി മാങ്കുഴ അച്ചൻ**
( തൃശൂർ ഭദ്രാസനത്തിലുള്ള സൗദി
അറേബ്യയിലെ യുവജനപ്രസ്ഥാനം
വൈസ് പ്രസിഡൻറ്)

# കൊറോണ അനുഭവങ്ങളിലൂടെ....



ജോമോൻ കോട്ടവിള

കർത്താവിൽ പ്രിയരെ.

ലോകമാകമാനം വ്യാപിച്ചുകൊണ്ടിരിക്കുന്ന കൊറോണാ വൈറസ് എന്ന മഹാമാരി കുവൈറ്റിനേയും ബാധിച്ചു കൊണ്ടിരിക്കുന്നു. ദിനം പ്രതി രോഗികളുടെ എണ്ണത്തിൽ വർധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ അവസ്ഥയിലൂടെ ആണ് ഇവിടെ കഷ്ടാനുഭവ ആഴ്ച കടന്നു പോയത്. എല്ലാ വർഷവും ദുഃഖവെള്ളിയാഴ്ച വൈകുന്നേരം യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തി വരുന്ന ജാഗരണ പ്രാർത്ഥന ഇപ്രാവശ്യം സൂം അപ്ലിക്കേഷൻ വഴി സംഘടിപ്പിച്ചു. ഇതിൽ ഏകദേശം 30 അംഗങ്ങൾ പങ്കെടുത്തു. അംഗങ്ങൾ ഓരോരുത്തരായി സങ്കീർത്തനം 1 മുതൽ 150 വരെ വായിച്ചു പൂർത്തീകരിച്ചു .കൊറോണ കാലത്ത് യുവജനപ്രസ്ഥാനത്തിന്റെ ഓരോ അംഗങ്ങളയും താമസിക്കുന്ന പല സ്ഥലങ്ങളും പ്രതേകം പ്രതേകം ലോക്ക് ഡൌൺ ആയതിനാൽ ആരെയും നേരിട്ട് പോയി കാണുകയോ ഓരോരുത്തരുടെയും കാര്യങ്ങൾ തിരക്കാനോ സാധിക്കുന്നില്ല എന്നിരുന്നാലും എല്ലാവരും ആയി നിരന്തരം സോഷ്യൽ മീഡിയ വഴി എല്ലാവരുടെയും സുഖക്ഷേമം അന്വേഷിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ പ്രസ്ഥാനം പ്രസിഡന്റ് എല്ലാ അംഗങ്ങളെയും പ്രതേകം കരുതലോടെ അവരുടെ സുഖവിവരം അന്വേഷിക്കുന്നുണ്ട്.

ഈ കാലയളവിൽ പലവിധമായ ബുദ്ധിമുട്ടുകൾ ഉള്ള ഒരു പാട് പേര് കുവൈറ്റിന്റെ പ്രദേശത്തു ഉണ്ട്. ജോലി നഷ്ടപ്പെട്ടവരും അതുപോലെ തന്നെ സാമ്പത്തിക ഞെരുക്കത്തലും പ്രയാസപ്പെടുന്ന ആളുകൾ ഉണ്ടെന്നുള്ള കാരണത്താൽ ആർക്കെങ്കിലും എന്തെങ്കിലും ആവശ്യങ്ങൾ ഉണ്ടെങ്കിൽ അവര് യുവജന പ്രസ്ഥാനം അംഗങ്ങളെ ബന്ധപ്പെടാം എന്നുള്ള മെസ്സേജ് ഇടുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു അംഗം മാത്രം നമ്മളോട് സാമ്പത്തിക സഹായം ആവശ്യപ്പെടുകയും അദ്ദേഹത്തിന് ഒരു താത്കാലിക ആശ്വാസം എന്ന രീതിയിൽ സാമ്പത്തിക സഹായം ചെയ്തു. ഈ മഹാമാരിയെ ഒരുമിച്ചു പ്രാർത്ഥനയോടും ജാഗരണത്തോടും നേരിടാം പ്രാർത്ഥനയിൽ നിങ്ങളെ എല്ലാവരെയും ഓർക്കുന്നു.അതുപോലെ നിങ്ങളുടെ പ്രാർത്ഥനയിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളെയും ഓർക്കേണമേ എന്ന് അപേക്ഷിക്കുന്നു.

പ്രാർത്ഥനയോടെ
യുവജനപ്രസ്ഥാനത്തിനു വേണ്ടി
**ജോമോൻ കോട്ടവിള**
**സെക്രട്ടറി** (SG-OCYM KUWAIT)

# കൊറോണ അനുഭവങ്ങളിലൂടെ....



ബിജു ജോൺ

കർത്താവിൽ പ്രിയ സഹോദരീ സഹോദരന്മാരേ
ഇന്ന് ലോകമെമ്പാടുമുള്ള ജനത മനുഷ്യന്റെ നഗ്നനേത്രങ്ങൾ കൊണ്ട് കാണുവാൻ സാധിക്കാത്ത ഒരു രോഗാണുവിന്റെ ഭീതിയിൽ കഴിയുന്ന ഒരു സന്ദർഭമാണ്. Severe Auite Respiratory Syndrome Corona Virus 2 (SARS COV 2) എന്ന ഒരു പുതിയതരം VIRUS ഉണ്ടാക്കുന്ന ഒരു അസുഖമാണ് COVID-19 എന്നത് നമുക്ക് അറിവുള്ളതാണല്ലോ. ഇന്ന് ജീവിച്ചിരിക്കുന്ന പലരും ജീവിതകാലത്ത് ഇതുപോലെ ഒരു മഹാമാരിയെ നേരിട്ടിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്. ഈ അസുഖം മൂലം കഷ്ടത അനുഭവിക്കുന്നവരും, ഉറ്റവരേയും ഉടയവരേയും നഷ്ടപ്പെട്ടവരും, അനാഥമാക്കപ്പെട്ട ബാല്യങ്ങളും, വ്യാപകമായ സാമ്പത്തിക ക്ലേശങ്ങളും, ഗൾഫ് നാടുകളിൽ ക്യാമ്പുകളിൽ മറ്റും ഭീതിയോടെ കഴിയുന്ന യുവജനങ്ങളും, ജീവൻ പണയപ്പെടുത്തി ഇതിനെതിരെ പോരാടുന്ന ആരോഗ്യമേഖലയും നമ്മുടെ മുമ്പിലെ യാഥാർത്ഥ്യങ്ങളാണ്.
ഒരു ഞായറാഴ്ച ദേവാലയത്തിൽ പോയി വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുവാൻ സാധിക്കാതെ വിശ്വാസികൾ സങ്കടപ്പെടുന്ന കാഴ്ചയും നമ്മുടെ മുമ്പിലുണ്ട്.
ഗൾഫ് മേഖലയിലും ഈ രോഗം പടർന്നു പിടിച്ചു കൊണ്ടിരിക്കുന്നത് മാധ്യമങ്ങളിൽ കൂടെ എല്ലാവരും അറിയുന്നുണ്ടാകുമല്ലോ. എന്ന് നാട്ടിലേക്ക് തിരികെപോകാൻ സാധിക്കും എന്ന ആശങ്ക പലരിലും നിലനിൽക്കുന്നു. ഗൾഫ് മേഖലയിലെ ഭരണകൂടങ്ങൾ ജാതി മത രാഷ്ട്ര ഭേദമന്യേ എല്ലാവർക്കും ചികിത്സ നൽകുന്നത് വളരെ ചാരിതാർത്ഥ്യത്തോടെ നാം നോക്കികാണേണ്ടതാണ്.
പ്രാർത്ഥനയാണ് ഏറ്റവും ആവശ്യമായിട്ടുള്ളത്. ലോകത്തിലെ സർവ്വ ജനങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കേണ്ട കാലഘട്ടമാണിത്. പൗലോസ് അപ്പോസ്തോലൻ ഫിലിപ്യർക്ക് എഴുതിയ ലേഖനം 4-6, 7 വാക്യങ്ങളിൽ ഇങ്ങനെ പറയുന്നു. 'ഒന്നിനേക്കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിനും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ ദൈവത്തോട് അറിയിക്കുകയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയിൽ കവിയുന്ന ദൈവ സമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും നിനവുകളേയും ക്രിസ്തുയേശുവിൽ കാക്കും'.
കോവിഡ് 19 കാലഘട്ടം തിരിഞ്ഞ് നോട്ടത്തിലേക്കുള്ള ഒരു അവസരമായി ഞാൻ കാണുകയാണ്. പണമുണ്ടായിട്ടും ഒന്നും ചെയ്യുവാൻ കഴിയാത്ത Lockdown കാലം Pizza യിൽ നിന്നും KFC യിൽ

നിന്നും കപ്പയുടേയും ചക്കയുടേയും കാലത്തിലേക്കു മനുഷ്യനെ കൊണ്ടടുപ്പിക്കുന്ന കാലം, മനുഷ്യന്റെ അഹന്തയ്ക്കു ദൈവം തന്ന മറുപടിയോ? സദൃശ്യവാക്യങ്ങൾ 16:18 'നാശത്തിനു മുമ്പേ ഗർവ്വം വീഴ്ചയ്ക്കു മുമ്പേ ഉന്നതഭാവം'.

ഇന്ന് മനുഷ്യൻ ചെയ്തുകൂട്ടുന്ന കൊള്ളരുതായ്മകൾക്കുള്ള ശിക്ഷയോ ഇത്?. ദൈവത്തേക്കാൾ വലുതാണ് മനുഷ്യൻ എന്ന് ചിന്തിച്ചു തുടങ്ങിയിരുന്നോ?. ഒരു വിചിന്തനം ആവശ്യമല്ലേ?.

പുണ്യശ്ലോകനായ കാലം ചെയ്ത അഭിവന്ദ്യ ഈവാനിയോസ് തിരുമേനി എല്ലാ ബുദ്ധിമുട്ടുകൾക്കും പ്രതിവിധിയായി നൽകുന്നത് ശക്തിയേറിയ ഒരു വാക്ക് 'പ്രാർത്ഥിക്കുക'. ഇന്ന് നാം ഓരോരുത്തരും വാർദ്ധക്യത്തിലും രോഗത്തിലും ആയിരിക്കുന്നവർക്കുവേണ്ടിയും പ്രവാസികളായിരിക്കുന്നവർക്കുവേണ്ടിയും ആരോഗ്യപ്രവർത്തകർക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം.

എന്തൊക്കെ മുൻകരുതലുകളെടുത്താലും ദൈവത്തിന്റെ കരുതലില്ലാതെ ഒന്നും തന്നെ നേടുവാൻ സാധിക്കുകയില്ല. യോശുവാ പ്രവാചകൻ 1:9 ഇങ്ങനെ പറയുന്നു 'നിന്റെ ദൈവമായ യഹോവ നീ പോകുന്നേടത്തൊക്കെയും നിന്നോടുകൂടെയുള്ളതു കൊണ്ട് ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക. ഭയപ്പെടരുത് ഭ്രമിക്കയും അരുത് എന്ന് ഞാൻ നിന്നോടു കൽപ്പിച്ചുവല്ലോ'.

കൊടുങ്കാറ്റിനെ ശാസിച്ച് ശിഷ്യന്മാർ കയറിയ വഞ്ചി ഗലീല കടലിൽ മുങ്ങിപ്പോകാതെ രക്ഷിച്ച നാഥാ നിന്റെ ആംഗ്യത്തിൽ സകല പ്രകൃതിയും കീഴടങ്ങും. പകർച്ച വ്യാധികൾ മൂലം കഷ്ടപ്പെടുന്ന മനുഷ്യരുടെമേൽ മനസ്സലിയേണമേ. അഗ്നി സർപ്പത്തിന്റെ കടിയേറ്റവർ നിന്റെ കൽപനപ്രകാരം പിച്ചള സർപ്പത്തേ നോക്കിയപ്പോൾ രക്ഷപ്രാപിച്ചതുപോലെ നിന്നെ നോക്കി വിളിച്ചപേക്ഷിക്കുന്ന ഞങ്ങളോടും ഉത്തരമരുളി സഹായിക്കേണമേ ദൈവാശ്രയത്തിൽ ഈ മഹാമാരിയേയും നമ്മൾ അതിജീവിക്കുക തന്നേ ചെയ്യും.

ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ

OCYM ഒമാൻ മേഖല കോഡിനേറ്റർ
ബിജു ജോൺ
മസ്ക്കറ്റ്



ആന്റോ അബ്രഹാം

### ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം
### UAE മേഖല COVID-19 പ്രതിരോധ പ്രവർത്തനങ്ങൾ

കർത്താവിൽ പ്രിയരെ.

ലോകത്തെ മുഴുവൻ പ്രതിസന്ധിയിലാക്കിയ COVID 19എന്ന മഹാമാരിയെ നേരി ടുന്ന പ്രതിരോധ പ്രവർത്തനങ്ങളിൽ OCYM യൂ.എ.ഇ മേഖലയും സജീവമാണ്. 18 ദിവസം തുടർച്ചയായി എല്ലാ യൂണിറ്റുകളും ഒത്തുചേർന്ന് പ്രാർത്ഥനാ യജ്ഞം നടത്തുകയുണ്ടായി.

എല്ലാ യൂണിറ്റുകളും തങ്ങളുടെ അംഗങ്ങളുടെ തൽസ്ഥിതി വിവരശേ ഖരണം നടത്തുന്നു. എല്ലാ അംഗങ്ങളേയും Locdown ആയതിനാൽ Phone-ൽ നിരന്തരം ബന്ധപ്പെടുകയും അത്യാവശ്യ സഹായങ്ങൾ ചെയ്തു കൊടുത്തും വരുന്നു.

SAYS (Samaritans At Your Service) എന്ന പേരിൽ എല്ലാ യൂണിറ്റുകളുടെയും പരിധിയിൽ വരുന്ന മെഡിക്കൽ പ്രൊഫഷണൽസ് ഡയറക്ടറി തയ്യാറാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇതു നടപ്പിലാക്കുന്നതിലൂടെ യൂ.എ.ഇ യിലെ എല്ലാ ഹോസ്പിറ്റലുകളിലും ഉള്ള സേവനസന്നദ്ധരായ നമ്മുടെ പ്രവർത്തകരെ കോർത്തിണക്കുന്നതിനും ആവശ്യമുള്ളവർക്ക് സഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനും സാധിക്കും. കൂടാതെ എല്ലാ യൂണിറ്റിലും മെഡിക്കൽ ഹെൽപ്പ് ഡെസ്ക് തുടങ്ങുന്നതിനും ഉള്ള ക്രമീകരണങ്ങൾ നടന്നു വരുന്നു.

കൂടാതെ നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിൽ യൂ.എ.ഇ യിലെ എല്ലാ എമിറേറ്റുകളിലും രൂപീകരിച്ച സപ്പോർട്ടീവ് സമിതിയിൽ എല്ലാ യുണിറ്റി ലേയും ഭാരവാഹികൾ അംഗങ്ങളായി ചേർന്ന് സജീവമായി പ്രവർത്തിക്കുന്നു. കൂടാതെ എല്ലാ യൂണിറ്റുകളും ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ച് അംഗങ്ങൾക്ക് വേണ്ടതായ സഹായം ലഭ്യമാക്കുന്നതിന് വേണ്ടി പ്രവർത്തിച്ചുവരുന്നു.

പ്രവർത്തനങ്ങൾക്ക് യൂ.എ.ഇ മേഖല പ്രസിഡന്റ് റവ. ഫാ സിബു തോമസ്, സെക്രട്ടറി ശ്രീ. ആന്റോ അബ്രഹാം, ജോയിന്റ് സെക്രട്ടറിമാരായ ശ്രീമതി ജിനു കോശി, അഡ്വ. ജിനോ എം കുര്യൻ തുടങ്ങിയവർ നേതൃത്വം നൽകുന്നു. സോണൽ പ്രവർത്തനങ്ങൾക്ക് ഈ വർഷം നേതൃത്വം നൽകുന്ന ദുബായ് സെന്റ് തോമസ് കത്തീഡ്രൽ ഇടവക വികാരി റവ. ഫാ. നൈനാൻ ഫിലിപ്പ്, ട്രസ്റ്റീ ശ്രീ. സുനിൽ സി ബേബി, സെക്രട്ടറി ശ്രീ. ബാബു കുരുവിള, ഇടവക മാനേജിങ് കമ്മിറ്റി, O.C.Y.M ദുബായ് യൂണിറ്റ്, O.C.Y.M കേന്ദ്ര കമ്മിറ്റി അംഗം ശ്രീ. ബിജു തങ്കച്ചൻ തുടങ്ങിയവരുടെയും യൂ.എ.ഇ ലുള്ള അബുദാബി, ഷാർജ, അലൈൻ, ഫുജൈറ, റാസൽഖൈമ, ജബൽ -അലി, ദിബ്ബ തുടങ്ങിയ യൂണിറ്റുകളുടെയും പരി പൂർണ്ണ പിന്തുണ ഈ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ലഭിച്ചു വരുന്നു എന്നത് നന്ദിയോടെ സ്മരിക്കുന്നു.

ആന്റോ അബ്രഹാം
**യൂ.എ.ഇ മേഖല സെക്രട്ടറി**

## വാർത്തകൾ

ഓർത്തഡോക്സ് യുവജനം ത്രൈമാസിക

# തലമുറകളുടെ സംഗമം









**ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽകട്ടപ്പുറം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം മുൻകാലപ്രവർത്തകരുടെസമ്മേളനം തലമുറകളുടെ സംഗമം എന്ന നാമധേയത്തിൽ നടത്തപ്പെട്ടു**



# ഒമാൻ മേഖല കോൺഫറൻസ്

**മസ്കത്ത്:** മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം ഒമാൻ മേഖലയുടെ ആഭിമുഖ്യത്തിൽ ഏകദിന കോൺഫറൻസ് സംഘടിപ്പിച്ചു. 'ഹാഗോ-2020' എന്ന പേരിൽ നടന്ന സമ്മേളനം സഭയുടെ അഹ്മദാബാദ് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഗീവർഗീസ് മാർ യൂലിയോസ് ഉദ്ഘാടനം ചെയ്തു. സഭയുടെ പരമാധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ സന്ദേശം ചടങ്ങിൽ പ്രക്ഷേപണം ചെയ്തു. ഡോ. ഗീവർഗീസ് മാർ യൂലിയോസ്, യുവജനപ്രസ്ഥാനം കേന്ദ്ര വൈസ് പ്രസിഡൻറ് ഫാ. വർഗീസ് ടി. വർഗീസ്, ഡോ. ബേബി സാം സാമുവേൽ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസെടുത്തു. 'ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ' എന്നതായിരുന്നു ഈ വർഷത്തെ ചിന്താവിഷയം.

വിഷയാവതരണം, പൊതുചർച്ച, ചോദ്യോത്തര വേള, ബിസിനസ് സെഷൻ, ലോഗോ പ്രകാശനം എന്നിവയും നടന്നു. ഒമാനിലെ റുവി, ഗാല, സൊഹാർ, സലാല എന്നീ ഇടവകകളിൽനിന്നുള്ള ഇരുനൂറോളം പ്രതിനിധികൾ പങ്കെടുത്തു. ഒമാൻ സോൺ പ്രസിഡൻറ് ഫാ. തോമസ് ജോസ്, കോഓഡിനേറ്റർ ബിജു ജോൺ കൊന്നപ്പാറ, യുവജനപ്രസ്ഥാനം വിവിധ യൂനിറ്റുകളുടെ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

യുവജന പ്രസ്ഥാനം ഒമാൻ മേഖലയുടെ പ്രഥമ സമ്മേളനത്തിന് ഗാല സെൻറ് മേരീസ് ഓർത്തഡോക്സ് ഇടവകയാണ് ആതിഥ്യം വഹിച്ചത്.

# യു.എ.ഇ മേഖല കോൺഫറൻസ് സമന്വയ 2019




**മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം യു എ ഇ മേഖലാ വാർഷിക സമ്മേളനം ജബൽ അലി സെന്റ്. ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ വച്ച് 02.12.2019 തിങ്കളാഴ്ച നടത്തപ്പെട്ടു,**

# കൊറോണ പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളായി ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം

## ആദരവുകൾ അർപ്പിച്ചു

കോട്ടയം: കൊറോണ വ്യാപനത്തെ തടയുന്നതിനായി ത്യാഗത്തോടെ പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകർക്ക് ആദരവ് സമർപ്പിക്ക ണമെന്ന ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ പ്രഖ്യാപന പ്രകാരം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ കാതോലിക്ക ബാവാ തിരുമേനിയുടെ നിർദേശ പ്രകാരം ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ദേവാലയമണികൾ അടിച്ച് ആദരവുകൾ സമർപ്പിച്ചു.

## ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന് നന്ദി അറിയിച്ച് യുവജന കമ്മീഷൻ

യുവജന കമ്മീഷൻ യൂത്ത്ഡിഫൻസ് ഫോഴ്സിനെ പിന്തുണച്ച് അതിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന് നന്ദി രേഖപ്പെടുത്തി യുവജന കമ്മീഷൻ അദ്ധ്യക്ഷ ചിന്ത ജെറോം

## പ്രതിരോധ പ്രവർത്തനങ്ങളുമായി ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനം



കോവിഡ് -19 വൈറസിന്റെ വ്യാപനം മൂലമുള്ള പ്രതിസന്ധി സമയത്തെ ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പ്രതിരോധ കിറ്റ് വിതരണം ചെയ്യതു. ഹാൻഡ് സാനിറ്റൈസർ രണ്ട് ഘട്ടമായി 700 എണ്ണം വിതരണം ചെയ്യതു. ഒപ്പം reuseble ഫേസ് മാസ്ക്, ഗ്ലൗസ് എന്നിവയും വിതരണം ചെയ്യതു.അഭി.ഡോ. മാത്യൂസ് മാർ തിമോത്തിയോസ് തിരുമേനി ഹാൻഡ് സാനിറ്റൈസർ വിതരണത്തിന്റെ ഔപചാരിക ഉത്ഘാടനം നിർവഹിച്ചു.ചെങ്ങന്നൂർ പോലീസ് സ്റ്റേഷനിൽ വച്ച് യുവജന പ്രസ്ഥാനം വൈസ് പ്രസിഡന്റ് റവ. ഫാ.ജാൾസൺ പി. ജോർജ് ചെങ്ങന്നുർ സി.ഐ. ശ്രീ. എം.സുദിലാലിനു നൽകി ഉദ്ഘാടനം നിർവഹിച്ചു.,ബഥേൽ അരമന,ബസേലിയോസ് ബുക്ക് ഹൗസ്സ്,ട്രാഫിക്ക് പോലീസ് സ്റ്റേഷൻ,ഫയർ സ്റ്റേഷൻ,ആർ.ടി.ഓ ഓഫീസ്, ഡിസ്ട്രിക് ട്രഷറി,കൃഷി ഓഫീസ്, സപ്ലൈ ഓഫീസ്, താലൂക്ക് ഓഫീസ്, മുൻസിഫ് കോടതി, ബാർ അസോസിയേഷൻ, ആർ.ഡി.ഓ.ഓഫീസ്, ഹൈഡ്രോലോജി ഡിവിഷൻ,മാധ്യമ പ്രവർത്തകർ ലേബർ ക്യാമ്പ്, പുത്തൻകാവ് നമ്മൾ യുവജന കൂട്ടായ്മ, ചെങ്ങന്നൂർ ഡി.വൈ.എസ്.പി ഓഫീസ്, പോലീസ് സ്റ്റേഷൻ,പോസ്റ്റ് ഓഫീസ്, കെ.സ്.ഇ.ബി, ഹോം ഗാർഡ്,അവശ്യസാധന വ്യാപാരികൾ,ബാങ്കുകൾ,ഗ്ലോറിയ ഭവൻ കൂർത്തമല ചെങ്ങന്നൂർ മാർക്കറ്റ് എന്നിവിടങ്ങളിൽ നൽകി.അടുക്കള തോട്ടം എന്ന ആശയത്തെ മുൻ നിർത്തി ചെങ്ങന്നൂർ ഭദ്രാസനം വീടുകളിൽ പച്ചക്കറികൾ നടുവാനുള്ള വിത്തുകൾ വിതരണം ചെയ്തു. പേപ്പർ ബാഗ് നിർമ്മാണം എന്ന ആശയം ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനം മുൻപോട്ട് വച്ചു ഭദ്രാസനത്തിലെ യൂണിറ്റുകളുടെ സഹകരണത്തോടെ പദ്ധതി ആവിഷ്കരിച്ചു. ലോക്ക് ഡൗൺ ശേഷം ബാഗ് കടകളിൽ നൽകി അതിൽ നിന്ന് ലഭിക്കുന്ന പണം സാധുജന സഹായ നിധിയിലേക്ക് നൽകി ഒരു കുടുംബത്തെ സഹായിക്കും.ലോക്ക് ഡൌൺ കാലഘട്ടത്തിലുള്ള അനുഭവങ്ങൾ , കഴിവുകൾ എല്ലാം ഉൾപ്പെടുത്തി 'അതിജീവനം' എന്ന പേരിൽ ഒരു കൈഴുത്തു മാസികയായി രൂപീകരിച്ചു.യുവജന പ്രസ്ഥാനം ജനറൽ സെക്രട്ടറി റോബിൻ ജോ വർഗീസ്,ഭദ്രാസന ട്രസ്റ്റി അപ്രേം കുന്നിൽ,ഭദ്രാസന കമ്മറ്റിഗംങ്ങളായ സജു ജോൺ വെൺമണി, അഖിൽ ജോസഫ് മാത്യു, കേന്ദ്ര കമ്മറ്റി അംഗങ്ങളായ ശ്രീ റിജോഷ് ഫിലിപ്പ്, സ്നേഹ മറിയം റെജി, എന്നിവർ നേതൃത്വം നൽകി

## രോഗികൾക്ക് സഹായവുമായി മാവേലിക്കര ഭദ്രാസന യുവജനപ്രസ്ഥാനം

മാവേലിക്കര : ലോക്ക്ഡൗണിനെ തുടർന്ന് ഉണ്ടായ സാമ്പത്തിക പ്രതിസന്ധിമൂലം ചികിത്സ മുടങ്ങിയവർക്ക് സഹായ ഹസ്തവുമായി മാവേലിക്കര ഭദ്രാസന യുവജനപ്രസ്ഥാനം. ഗുരുതര രോഗം ബാധിച്ചവരുടെ ചികിത്സയും മരുന്നും മുടങ്ങിയെന്ന വാർത്തകളെ തുടർന്നാണ് ചികിത്സാ സഹായം നൽകുവാൻ അടിയന്തരമായി തീരുമാനിച്ചത്. രണ്ടു ഘട്ടമായി 40 രോഗികൾക്കാണ് സഹായം നൽകുന്നത്. ക്യാൻസർ, ഹൃദയം, വൃക്ക, കരൾ രോഗികൾക്കാണ് ആദ്യഘട്ട സഹായം.സാമ്പത്തിക പ്രതിസന്ധി മൂലം മടങ്ങിവരവ് മുടങ്ങിയ പ്രവാസികളുടെ യാത്രക്ക് ആവശ്യമായ സഹായങ്ങൾ നടത്തിവരികയാണെന്നും അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപരേഖയും പദ്ധതികളും തയാറാക്കുമെന്നും വൈസ് പ്രസിഡന്റ് ഫാ. ഷിജി കോശി കറ്റാനം, സെക്രട്ടറി ജോജി ജോൺ, ട്രഷറർ മനു തമ്പാൻ, ജോയിന്റ് സെക്രട്ടറിമാരായ ബിനു തോമസ്, എബിൻ ബേബി വള്ളികുന്നം, ബിതാ അലൻ, മേഖലാ സെക്രട്ടറിമാരായ അബി ഏബ്രഹാം കോശി, രജു തോമസ്, സോനു തമ്പാൻ തുടങ്ങിയവർ നേതൃത്വം നൽകി.

# കൊറോണ പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളായി ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം





































# കൊറോണ പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളായി ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം



# Happy Married Life






## Eljove C Chummar & Jiji M Varghese

*(OCYM - Central Regional Secretary)*

S/o Mr. C.T Chummar (unni) &
Mrs. Elsy Chummar
Cheruvathoor House
Ayyappankavu
Ernakulam

D/o. Mr. M.K Varghese &
Mrs.Fancy Varghese
Muttath House
Akkikkavu P.o
Thrissur

13th January 2020 at St.Peter's St.Paul's
Orthodox Old Church, Pengamukku, Kunnamkulam

Break the Chain

കൈവിടാതിരിക്കാം... കൈ കഴുകൂ...



# നമുക്ക് വേണ്ടി
# നാടിനു വേണ്ടി
# മാസ്ക്
# നിർബ്ബന്ധം

Published by :H.G. Dr. Yuhanon Mar Chrisostomos Metropolitan on behalf of President
OCYM, St. Thomas Bhavan, Kottayam- 1
Chief Editor : Fr. Thomas Raju, Karuvatta Publisher: Fr.John T Samuel
Head Office: St.Thomas Bhavan,Chungom,Kottayam Phone 0481 2583997